
# മരിയദൂത്

A Schoenstatt Movement Publication




## ദിവ്യദർശനം





വിവിധ ഷേൺസ്റ്റാട്ട് കപ്പേളകളിലെ പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷം













# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2019 നവംബർ – ഡിസംബർ– ജനുവരി 2020**

രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാത്തേലിൽ** ISch




Cover Design
**Schoenstatt Media**

# താളുകളിലൂടെ......

**ലേഖനങ്ങൾ**

ഹൃദയമൊരുക്കാം - **മാർ ജേക്കബ് തൂങ്കുഴി**

പിതാവിനെ ഉപേക്ഷിക്കുക - **ഡോ. കെ. എം. ഫ്രാൻസിസ്**

ഒരു മെക്സിക്കൻ അപാരത - **ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch**

സ്വർഗ്ഗത്തിൽ നിന്നും സക്രാരിയിലേക്ക് - **ഫാ. ജോൺസൺ നെല്ലിശ്ശേരി ISch**

കൈകുമ്പിളിലെ സ്വർഗ്ഗം – **ബ്ര. ജോ അഗസ്റ്റിൻ**

സ്നേഹമഞ്ഞ് – **ഫാ. സ്റ്റാഴ്സൻ കള്ളിക്കാടൻ**

ദൈവം മനുഷ്യനാകുമ്പോൾ – **ബ്ര. സജിൻ ജോസഫ് വെർണ്ണൂർ**

ഇതളുകൾ – **ഫാ. റോബിൻ തെക്കേൽ**

**കൂടാതെ...**

സമാധാനത്തിലേക്കുള്ള വഴി - കഥ

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി ISch**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

ബാലദൂത് - **ദോസ്ത്**

കവിത - **ജോസഫ് കരിമറ്റം**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി ISch**

എഡിറ്റോറിയൽ

# ഒന്നാകാൻ ഒന്നാക്കാൻ

**എ**ന്തായിത്തീരാൻ നാം തീവ്രമായി ആഗ്രഹിക്കുന്നുവോ ക്രമേണ അതായിത്തീരും എന്ന് പറയാറുണ്ടല്ലോ. മനുഷ്യനോടൊപ്പം വസിക്കണം എന്ന് തീവ്രമായി ആഗ്രഹിക്കുന്ന ദൈവം തന്റെ ആഗ്രഹം സഫലമാക്കുന്നു തിരുപ്പിറവിയിലൂടെ!

തന്റെ തന്നെ രൂപസാദൃശ്യങ്ങളിൽ ദൈവം മനുഷ്യന് ജന്മം നല്കിയത് അവനോടൊത്തുള്ള നിരന്തര സമ്പർക്കം ആഗ്രഹിച്ചതുകൊണ്ട് തന്നെയായിരിക്കണം. വാഗ്ദാനങ്ങളിലൂടെയും ഉടമ്പടികളിലൂടെയും മനുഷ്യനുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്ന ദൈവത്തിന്റെ ചിത്രം നമുക്ക് സുപരിചിതമാണ്. "എനിക്കുള്ളതെല്ലാം തരാം, നീ എന്റെ കൂടെ നിന്നാൽ മാത്രം മതി " എന്ന് പിടിവാശികാണിക്കുന്ന കൂട്ടുകാരനെ പോലെ ദൈവവും മനുഷ്യനോട് ഇടപെട്ടുകൊണ്ടേയിരിക്കുന്നു - കൂടെ നിൽക്കാൻ കൂടെ നിർത്താൻ. വാഗ്ദാനങ്ങളും ഉടമ്പടികളുമെല്ലാം ഏശാതായപ്പോൾ മനസ്സിൽ നിന്നും മറഞ്ഞാലും ശരീരത്തിൽ നിന്നും മായാത്ത ഒരു അടയാളമായി പരിച്ഛേദന കർമ്മം ഏർപ്പെടുത്തി. എന്നാൽ അഗ്രചർമ്മത്തിൽ നിന്നും വാർന്ന ചോരകൊണ്ടോ പാപപരിഹാരാർത്ഥം നടത്തിയ മൃഗബലിയുടെ രക്തം കൊണ്ടോ ഒന്നും ഊഷ്മളമായ ഒരു ദൈവ- മനുഷ്യ ബന്ധം കെട്ടിപ്പടുക്കാൻ സാധിച്ചില്ല. പരാജിതനായ മനുഷ്യനെ സഹായിക്കുവാൻ ദൈവം തന്നെ മനുഷ്യനായി അവതരിച്ചു. ദൈവവുമായുള്ള സമാനത വിട്ട് സ്വയം ശൂന്യനാക്കി മനുഷ്യനായി ദൈവം ഈ മണ്ണിൽ പിറന്നു. മനുഷ്യന്റെ ദാരിദ്ര്യവും കഷ്ടപ്പാടും കണ്ണീരും വിലാപവുമെല്ലാം കാണുക മാത്രമല്ല, അതിലെല്ലാം പങ്കുചേർന്നുകൊണ്ട് അവൻ നമ്മെ ഓർമ്മിപ്പിക്കുന്നു; നമ്മോടൊത്ത് ഒന്നാകുവാനും പിതാവിൽ നമ്മെ ഒന്നാക്കുവാനും വേണ്ടിയത്രേ ഈ തിരുപ്പിറവി! ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ നേർന്നുകൊണ്ട്,



**ജോസച്ചൻ**



# ഹൃദയമൊരുക്കാം...

മാർ ജേക്കബ് തൂങ്കുഴി

മനോഹരങ്ങളായ ദൈവാലയങ്ങൾ പണിതുയർത്തുവാൻ മാത്സര്യബുദ്ധിയോടെ വെമ്പൽ കൊള്ളുന്ന ഒരു കാലഘട്ടമാണ് ഇത്. ദേവാലയങ്ങളെക്കുറിച്ച് നിരവധി കമൻറുകൾ കേട്ടിട്ടുണ്ട്. ഓ, എത്ര സുന്ദരം, ഗംഭീരം, വിസ്മയം, മദ്ബഹായിൽ മാത്രമല്ല, പള്ളിമുഴുവനും വെൺമയേറിയ മാർബിൾ നിരത്തിയിരിക്കുന്നു. അൾത്താരയും സക്രാരിയുമെല്ലാം കലാസൗന്ദര്യം നിറഞ്ഞു തുളുമ്പുന്നു.


എന്നാൽ മറുവശത്ത് നിശിതമായ വിമർശനങ്ങളും കേട്ടിട്ടുണ്ട്. എന്തൊരു മാത്സര്യം, എന്തിനീ ആഡംബരം, ധൂർത്ത്? മനുഷ്യനെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കിയ ഈ ആലയം തമ്പുരാന് പ്രീതികരമെന്ന് കരുതുന്നുവോ? ഇത് ലളിതമാക്കി പണിത് ബാക്കി തുകകൊണ്ട് പാവങ്ങൾക്കായി



കുറെ ഭവനങ്ങൾ നിർമ്മിക്കാമായിരുന്നില്ലേ?

എന്താണ് ശരി? എന്താണ് തെറ്റ്? ശരിയുടെ, നന്മയുടെ പാത മധ്യമാർഗ്ഗമെന്നാണ് പണ്ഡിതനായ തോമസ് അക്വീനാസ് പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ ഒരു സൂക്തം ലത്തീൻ ഭാഷയിൽ സുപ്രസിദ്ധമാണ്. 'In medio stat virtus" സുകൃതം മധ്യസ്ഥിതമാണ്. അങ്ങേ അറ്റത്തേയ്ക്കോ ഇങ്ങേ അറ്റത്തേയ്ക്കോ നീങ്ങാതെ മധ്യത്തിലായിരിക്കുക. അതാണ് അദ്ദേഹത്തിന്റെ ഉപദേശം. അക്വീനാസ് വിവരമുള്ള പുണ്യവാനാണ്.

പക്ഷേ, ഒരു കാര്യം തീർച്ചയാണ്, തനിക്ക് വന്നുവസിക്കുവാൻ, ഭവനത്തിന്റെ വലുപ്പമോ, ചെറുപ്പമോ, വിലപിടിപ്പോ, വിലക്കുറവോ, ഒന്നും ആയിരിക്കില്ല തമ്പുരാന്റെ പരിഗണന. ഭവനം ഹൃദ്യമാണോ എന്ന് മാത്രം നോക്കും. ഹൃദ്യത ഉളവാക്കുന്നത് മാർബിളും രത്നക്കല്ലുകളും stained glass ചിത്രങ്ങളുമല്ല. ദൈവം തേടുന്ന കൂടാരം എവിടെയെന്ന് വെളിപാട് ഗ്രന്ഥം 21:3-4ൽ പറയുന്നു. ‘‘ഇതാ ദൈവത്തന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവരുടെ കൂടെ ആയിരിക്കുകയും ചെയ്യും”. ദൈവത്തിന്റെ കൂടാരം“മനുഷ്യരോടുകൂടെ”, “വാസം”അവരോടൊത്ത്. ഇതാ അവിടുത്തെ ഇഷ്ടം അസന്നിദ്ധമായി അറിയിച്ചിരിക്കുന്നു. തമ്പുരാൻ ഇഷ്ടപ്പെടുന്ന ഇടം



ചോദിക്കാതെ, സക്കേവൂസിനോട് അങ്ങോട്ട് പറഞ്ഞ നാഥനാണിത്. നമ്മുടെ മറുപടി: കർത്താവായ യേശുവേ വരണമെ. ഈ നാഥൻ ദിവ്യ ഉണ്ണിയുടെ രൂപത്തിൽ വന്ന് നിങ്ങളുടെ ഹൃദയത്തിൽ വസിക്കും.

പുൽക്കൂട്ടിൽ പിറന്നതിന്റെ 2019–ാം വാർഷികത്തിൽ, പിറക്കാനായി അവിടുന്ന് ഇഷ്ടപ്പെടുന്ന ഭവനം നമുടെ

മനുഷ്യരാണ്. സ്നേഹിക്കുന്ന, നൈർമ്മല്യമുള്ള മനുഷ്യ ഹൃദയങ്ങളാണ്.

ക്രിസ്മസിന്റെ ഒരു വലിയ പ്രശ്നം ദിവ്യ ഉണ്ണിക്ക് പിറക്കുവാൻ എവിടെ ഒരിടം തരപ്പെടുമെന്നുള്ളതായിരുന്നു. ഒരിടത്തും ഇടം കിട്ടിയില്ല. അതുകൊണ്ട് എവിടെ വിളിച്ചാലും പോകാൻ ഫ്രീ ആയിരുന്നു. First come, first served എന്നാണല്ലോ പ്രമാണം. ആദ്യം വിളിക്കുന്നവന് ആദ്യ ചാൻസ്. ഈ അവസരം ഉപയോഗിച്ച് നമ്മുടെ ഹൃദയത്തിൽ വന്ന് പിറക്കുവാൻ ഒട്ടും വൈകാതെ ക്ഷണിക്കുക. വരും. യേശുവിനെ ക്ഷണിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് ബൈബിൾ അവസാനിക്കുന്നത് എന്ന കാര്യം ഓർമ്മയുണ്ടോ? ബൈബിളിലെ അവസാനത്തെ പ്രാർത്ഥന എങ്ങനെ അവതരിപ്പിച്ചിരിക്കുന്നത് എന്ന് നോക്കൂ. ഈശോ പറയുന്നു: പ്രാർത്ഥന ഇതാണ്: “ഇതാ, ഞാൻ വേഗം വരുന്നു”. VIPകൾ പറയുന്നതുപോലെ ആലോചിച്ചിട്ട് പറയാം, നോക്കട്ടെ, വല്ലാത്ത തിരക്കാണ്..., എന്നൊന്നും ഈ എളിയ നാഥൻ പറയില്ല. അവിടുന്ന് പറയും: “ഇതാ ഞാൻ വേഗം വരുന്നു''. ‘‘ഇന്ന് ഞാൻ നിന്റെ വീട്ടിൽ താമസിക്കാൻ വരികയാണ് എന്ന്. ഇങ്ങോട്ട്

ഹൃദയമാണെന്ന് കണ്ടു. പുതുവർഷം 2020, യേശുവിന്റെ വാസംകൊണ്ട് ധന്യമാകുന്ന വർഷമാകട്ടെ. ലോകത്തിന്റെ പ്രകാശമായ അവിടുന്ന് നമ്മിൽ വസിക്കുമ്പോൾ റോമാ ലേഖനം 13:13 നമുക്ക് അനുസ്മരിക്കാം. ‘‘രാത്രി കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ അന്ധകാരത്തിന്റെ പ്രവർത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിന് യോജിച്ച വിധം നമുക്ക് പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചയിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത കർത്താവായ യേശുവിനെ ധരിക്കുവിൻ.”

മരിയദൂത് വായനക്കാർക്കും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും ക്രിസ്മസ് നവവത്സരാശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

നിങ്ങളുടെ
**തൂങ്കുഴി പിതാവ്**
(ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി ബിഷപ്പ് എമിരറ്റസ്)



# പിതാവിനെ ഉപേക്ഷിക്കുക!

ഡോ. കെ. എം. ഫ്രാൻസീസ്

പിതൃത്വം എന്നത് പിതാവായ ദൈവത്തിന്റെ പിതൃത്വത്തിൽ മനുഷ്യന് ലഭിക്കുന്ന പങ്കാളിത്വമാണ്. എന്നാൽ പിതൃത്വത്തിന്റെ മഹനീയത മനസ്സിലാക്കാതെയാണ് മനുഷ്യവർഗ്ഗത്തിന്റെ വലിയൊരു വിഭാഗം ഈ ലോകജീവിതം അവസാനിപ്പിക്കുന്നത്. അനേകം മഹാന്മാരുടെ ജീവചരിത്രം വായിച്ചിട്ടുണ്ടെങ്കിലും, അവരിൽ ഭൂരിഭാഗവും തങ്ങളുടെ അമ്മയെ ഓർക്കുകയും പിതാവിനെ വിസ്മരിക്കുകയും ചെയ്യുന്നു. അപ്പനെ കുറിച്ചുള്ള ഈ ഓർമ്മക്കുറവാണ് മനുഷ്യവർഗ്ഗത്തിന്റെ പ്രധാനരോഗം. അമ്മയ്ക്കപ്പുറത്തുള്ള



അപ്പനെ അറിയാത്തവർക്ക് പ്രപഞ്ചത്തിന് പുറകിലുള്ള ദൈവത്തെ മനസ്സിലാക്കുക സാധ്യമല്ല. അപ്പനെയും അമ്മയെയും തുല്യമായി സ്നേഹിക്കാൻ പലമക്കൾക്കും കഴിയുന്നില്ല. – അപ്പൻ എത്ര മാത്രം മക്കളുടെ കാര്യത്തിൽ വേദനിക്കുന്നവനാണെന്ന് മനുഷ്യവർഗ്ഗത്തെ ഓർമ്മിപ്പിക്കുന്നത് പരിശുദ്ധ കന്യകാ മറിയമാണ്. യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ ദേവാലയത്തിൽ വെച്ച് കാണാതായി. വീണ്ടും യേശുവിനെ ദേവാലയത്തിൽവെച്ച് കണ്ടുമുട്ടുമ്പോൾ പരിശുദ്ധ മറിയം യേശുവിനോട് പറയുന്ന വാക്കുകൾ പഠന വിഷയമാക്കേണ്ടതാണ്. ''നിന്റെ പിതാവും, ഞാനും'' നിന്നെ കാണാത്തതിനാൽ വേദനിക്കുകയായിരുന്നു. എന്നാൽ പലപ്പോഴും അമ്മമാർ മക്കളോട് സംസാരിക്കുമ്പോൾ ''നിന്റെ അപ്പന് നിന്നെകുറിച്ച് ഒരു ചിന്തയുമില്ലായിരുന്നു, ഞാനായിരുന്നു നിനക്കുവേണ്ടി മനസ്സുമുഴുവൻ വേദനിച്ച് നടന്നത്.'' ഈ പ്രസ്താവന അപ്പനെ സ്നേഹിക്കുന്നതിൽ നിന്നും അതുവഴി ദൈവത്തെ സ്നേഹിക്കുന്നതിൽ നിന്നും മക്കളെ തടയുകയാണ് ചെയ്യുന്നത്. എന്നാൽ മറിയത്തെ ശ്രവിക്കുക. പ. മറിയത്തേക്കാൾ കൂടുതൽ വി. യൗസേപ്പ്, യേശുവിന്റെ കാര്യത്തിൽ വേദനിയ്ക്കുന്നുവെന്നാണ് അമ്മ മകനോട് പറയുന്നത്. പിതാക്കന്മാർ മക്കൾക്കുവേണ്ടി എത്രമാത്രം കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ടെന്ന് അവർ

ജീവിച്ചിരിക്കുമ്പോൾ മക്കൾക്ക് സാധാരണ യായി മനസ്സിലാകാറില്ല. എന്നാൽ അത് മനസ്സിലാക്കി തരാൻ ദൈവം തന്നെ ചില മാർഗ്ഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. അപ്പന്മാർ അനേകം കഷ്ടപ്പാടുകൾ മക്കൾക്കുവേണ്ടി സഹിക്കുന്നുണ്ട്. എന്നാൽ അവർ പ്രായപൂർത്തിയാകുമ്പോൾ, അവരെകുറിച്ച് അനേകം പരാതികൾ അപ്പന്മാർക്കുണ്ട്. ഒരു അപ്പന് തന്റെ മക്കളെക്കുറിച്ചുള്ള പരാതികളാണ് അവന്റെ അപ്പന് അവനെകുറിച്ചുള്ളത്. ഇക്കാര്യം മനസ്സിലാക്കാൻ ഇപ്പോൾ ജീവിച്ചിരിക്കുന്ന അപ്പന്മാർക്ക് കഴിയുന്നില്ല. സ്വന്തം അപ്പന്റെ മഹത്വം മനസ്സിലാക്കാത്ത ഒരു മനുഷ്യനും, സ്വന്തം മക്കളുടെ സ്നേഹം അനുഭവിക്കാൻ കഴിയില്ല. അപ്പനിൽ നിന്ന് ലഭിക്കേണ്ടത് അവകാശമോ ഔദാര്യമോ?- എന്തുകൊണ്ടാണ് മനുഷ്യന് അപ്പന്മാരെ മനസ്സിലാക്കാൻ കഴിയാത്തത്. വി. ഗ്രന്ഥം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മുടിയനായ പുത്രന്റെ പതനത്തിന്റെ ആരംഭം സ്വത്തിന്റെ അവകാശതർക്കത്തിൽ നിന്നാണ്. അവൻ അപ്പനോട് പറഞ്ഞു "എന്റെ സ്വത്തിന്റെ അവകാശം എനിക്ക് തരിക." പിതൃസ്വത്ത് ഭാഗം വെയ്ക്കാൻ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ, അത് ചെയ്യാൻ വിസമ്മതിച്ചവനാണ് യേശു ക്രിസ്തു.

അപ്പന്റെ പക്കൽ നിന്ന് അവകാശം പിടിച്ചുവാങ്ങുകയോ, കിട്ടിയത് പോരാ എന്ന് പരാതി പറയുകയോ ചെയ്ത ആരും തന്നെ, സ്വന്തം തെറ്റ് ഏറ്റുപറയാതെ, ജീവിതത്തിൽ വിജയിച്ചിട്ടില്ല. വി. ഗ്രന്ഥത്തിന്റെ ആദ്യത്തെ ഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തിന്റെ അമ്പത് അദ്ധ്യായങ്ങളിലൂടെ കടന്നു പോകുന്ന ഒരു യുക്തി (logos) പിതാവും മക്കളും തമ്മിലുള്ള ബന്ധമാണ്. അപ്പൻ എന്നേക്കാൾ കൂടുതൽ മറ്റൊരു മകനെ



സ്നേഹിക്കുന്നുവെന്ന പരാതിയാണ് അതിൽ പ്രധാനം. കായേന് ആബേലിനോട് തോന്നുന്നതും, ഏസാവിന് യാക്കോബിനോട് തോന്നുന്നതും, യാക്കോബിന്റെ പന്ത്രണ്ടു മക്കൾക്ക് ജോസഫിനോട് തോന്നുന്നതും ശത്രുതയാണ്. ഈ ശത്രുതയുടെ കാരണം അപ്പന്റെ നീതിരാഹിത്യമാണെന്ന് മക്കൾ ആരോപിക്കുന്നു. ഈ മക്കളോട് പുതിയ നിയമം പറയുന്നു "ഔസേപ്പ് നീതിമാനാണ്." ലോകത്തിലെ സകല മനുഷ്യരുടെയും ആന്തരികതയിൽ മാതാപിതാക്കളെ ഇത്തരത്തിൽ സമ്പൂർണ്ണമായി നീതിമാനായിരുന്നുവെന്ന് സ്വീകരിക്കുന്നതിന് തടസ്സമുണ്ട്. ഈ പ്രവണത ഒരു സാർവ്വത്രിക (Universal)തിന്മയായതുകൊണ്ടാണ്, മാതാവിനേയും പിതാവിനേയും ബഹുമാനിക്കുക എന്ന ഒരു സാർവ്വത്രിക നിയമം മോശ നൽകിയത്. അതുകൊണ്ട് പിതാവിനോടുള്ള ശത്രുത


ചിലരുടെ മാത്രം പ്രശ്നമല്ല, എല്ലാ മനുഷ്യന്റേയും പ്രശ്നമാണ്. സ്വർഗ്ഗ പിതാവിന്റെ പിതൃത്വത്തിൽ പങ്കാളിയാ കുന്ന ഭൗമീക പിതാക്കന്മാർക്കു മാത്രമല്ല, ആത്മീയ പിതൃത്വത്തിൽ പങ്കുചേരുന്ന സന്യസ്തർക്കും തങ്ങളുടെ ദൗത്യം പൂർണ്ണമാക്കാൻ കഴിയാതെ പരാജയപ്പെടുന്നതിന്റെ കാരണം അവരുടെ അപ്പനെ നീതിമാന്മാരായി സ്വീകരിക്കാനുള്ള വിസമ്മതത്തിൽ നിന്നാണ്. ഒരുവന് സ്വന്തം പിതാവിനോട് വെറുപ്പുണ്ടെന്ന് അറിയാനുള്ള ഏകമാർഗ്ഗം, സ്വന്തം സഹോദരന്മാരോടോ സഹോദരിമാരോടോ വെറുപ്പുണ്ടോയെന്ന് പരിശോധിക്കുകയാണ്. സ്വന്തം സഹോദരനോട് വെറുപ്പുണ്ടെങ്കിൽ അതിന്റെ കാരണം സ്വന്തം അപ്പനോടുള്ള വെറുപ്പാണ്. ഇത്തരം വ്യക്തികൾ ആർക്ക് നാശമുണ്ടാക്കിയാലും അതിന്റെ ഉത്തര വാദിത്വം അവരുടെ പിതാമഹന്മാർ ക്കാണെന്ന് ആരോപിക്കുകയും ചെയ്യും. നിങ്ങൾ സ്വയം തിരിച്ചറിയുക; നിന്റെ പിതാവ് നല്ലതല്ലാത്തതുകൊണ്ടാണ് നീ നശിച്ചതെന്ന നിഗമനം നിങ്ങൾ ആരെ യങ്കിലും കുറിച്ച് പറയുന്നുണ്ടെങ്കിൽ, അത് നിങ്ങളുടെ അപ്പനെക്കുറിച്ചുള്ള നിങ്ങളുടെ പരാതിയാണ്. ഈ പരാതിയിൽ നിന്നാണ് പൂർവ്വപിതാക്കന്മാരുടെ ശാപമാണ് നിന്റെ കഷ്ടപ്പാടിന്റെ കാരണമെന്ന സിദ്ധാന്തം ഉരുത്തിരിയുന്നത്.

**പിതാവിനെ ഉപേക്ഷിക്കുക**

ഒരുവന്റെ പ്രവർത്തികൾ അവനവനിൽ നിന്ന് പുറപ്പെടുമ്പോഴാണ്, അവൻ സ്വത്രന്ത്ര വ്യക്തിയാകുക. ഒരുവന്റെ പ്രവർത്തിയുടെ കാരണം മറ്റൊന്നായാൽ അവൻ അടിമയാണ്. സ്വന്തം തെറ്റിന്റെയും, പരാജയത്തിന്റെയും കാരണം മറ്റുള്ളവനിൽ ആരോപിക്കുന്നവൻ അടിമയാണ്. സ്വന്തം പ്രവർത്തികളുടെ



ഉത്തരവാദിത്വം ഏറ്റെടുക്കുന്നവൻ, സ്വന്തം തെറ്റിന്റെ കാരണം പിതാമഹന്മാരുടെ തെറ്റാണെന്ന് ആരോപിക്കുകയില്ല. സ്വന്തം പ്രവർത്തിയുടെ എല്ലാ ഉത്തരവാദിത്വവും എന്റേതെന്നു പറയുന്നവന് മാത്രമാണ് എന്റെ പിഴ എന്റെ പിഴ എന്റെ വലിയ പിഴ എന്ന് പറയുവാൻ കഴിയുക. അല്ലാത്ത വരെല്ലാം എന്റെ തെറ്റിന്റെയും, പരാജയത്തിന്റെയും ഉത്തരവാദിത്വം എന്റെ അപ്പന്റെ പിഴ, എന്റെ അപ്പാപ്പന്റെ പിഴ, എന്റെ മുത്തപ്പാപ്പന്റെ വലിയപിഴ എന്ന് ആവർത്തിച്ചു കൊണ്ടേയിരിക്കും. അതിനാൽ സ്വാതന്ത്ര്യം പ്രാപിക്കേണ്ടത് പിതാവിൽ നിന്നാണ്. അതിനായി നാം അപ്പനെ ഉപേക്ഷിച്ചു അവനവനിലേക്ക് തിരിച്ചുവരണം. എനിയ്ക്ക് അർഹിക്കുന്നതിനേക്കാൾ കൂടുതൽ എന്റെ അപ്പൻ എനിക്ക് തന്നിട്ടുണ്ട് എന്ന് മനസ്സിൽ ധ്യാനിക്കുന്നതാണ് അപ്പനെ ഉപേക്ഷിക്കുവാനുള്ള ആദ്യമാർഗ്ഗം. മറ്റൊരു വിധത്തിൽ എന്റെ അപ്പൻ, അപ്പനേക്കാളുപരി എന്നെ സ്നേഹിച്ചിരുന്നുവെന്ന് അംഗീകരിക്കുക എന്നതാണ് ഒരു പിതാവിന് നൽകാവുന്ന ഏറ്റവും വലിയ സമ്മാനം. നീ നിന്റെ മാതാവിനേയും, പിതാവിനേയും "വിട്ട്" ഉപേക്ഷിക്കുക, നിന്നെ ഞാൻ രാജാവും, റാണിയുമാക്കി മാറ്റുമെന്ന് ദൈവത്തിന്റെ



യുക്തി (divine logos) നമ്മോട് പറയുന്നു. നാം നമ്മുടെ അപ്പനേയും അമ്മയേയും പൂർണ്ണമായി ഉപേക്ഷിക്കുകയെന്നാൽ അതിന്റെയർത്ഥം, നമ്മുടെ എല്ലാ പരാജയത്തിന്റെ കാരണം ഞാനാണെന്നും, എന്റെ എല്ലാ വിജയത്തിന്റെ കാരണം അപ്പനാണെന്നുമുള്ള പ്രഖ്യാപനമാണ്. ഇങ്ങിനെ ചെയ്യുന്നവർക്കു മാത്രമെ എന്റെ കുടുംബത്തിലുണ്ടാകുന്ന പരാജയത്തിന്റെ കാരണം ഞാനാണെന്നും, വിജയത്തിന്റെ കാരണം ജീവിത പങ്കാളിയാ ണെന്നും അംഗീകരിക്കാൻ കഴിയുക. അതുകൊണ്ട് ജീവിത പങ്കാളിയേയും, സഹോദരിസഹോദരന്മാരെയും നിങ്ങൾക്ക് ഉൾക്കൊള്ളാനും സ്വീകരിക്കാനും കഴിയുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ നിങ്ങളുടെ പിതാവിനെ വെറുക്കുന്നു വെന്നാണ്. സ്വന്തം അപ്പനെ സ്നേഹി ക്കാത്തവന് ആരെയും സ്നേഹിക്കുക സാധ്യമല്ല.

●

പുതുവർഷാരംഭത്തിൽ ഡീക്കൻ പട്ടം സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന വൈദീകാർത്ഥികൾക്ക് മരിയദൂതിന്റെ പ്രാർത്ഥനാശംസകൾ!!!



# ഒരു മെക്സിക്കൻ അപാരത



**ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch**

***ഭീ***തിയും ആകുലതകളും, നിരാശയും അകറ്റി പ്രത്യാശയും പ്രതീക്ഷയും മനസ്സിൽ നിറക്കുന്ന ഒരു ക്രിസ്തുമസ് കാലം കൂടി! അരക്ഷിതത്വത്തിന്റെയും, ആശങ്കകളുടെയും, ക്ഷണികങ്ങളായ നിനവുകളിൽ നിന്ന് മെക്സിക്കൻ അപാരതകളിലൂടെ കൈപിടിച്ചു നടത്തുന്നു ദൈവപരിപാലന. കുതിരപ്പുറത്ത് കറുത്തതൊപ്പിയും വച്ച് പാഞ്ഞുവരുന്ന കൗബോയ്കളുടെ നാട് ആണ് മെക്സിക്കോ എന്നാണ് കരുതിയത്. മയക്കുമരുന്ന് രാജാക്കന്മാർ ഭരിക്കുന്ന നാടെന്നും കേട്ടു. കൊള്ളയും ഗ്യാംങ്ങ് വാറുകളും മയക്കുമരുന്നു മാഫിയകളുടെ പ്രതികാരദാഹങ്ങളുമൊക്കെ മെക്സിക്കോയെ ചോര പുതപ്പിക്കുന്നു എന്നുള്ളതും ശരിതന്നെ. പലപ്പോഴും അറിവില്ലായ്മ നമുക്ക് അമിതധൈര്യം നൽകുമെന്നത് ശരിതന്നെയെന്ന് തോന്നുന്നു. അതുകൊണ്ടുതന്നെ ആശങ്കയേക്കാളുപരി ആകാംക്ഷയായിരുന്നു.



കെരേത്താരോ എന്ന നഗരത്തിലാണ് വാസം. കൊളോണിയൽ സംസ്കാരത്തിന്റെ തിരുശേഷിപ്പുകളായി നിൽക്കുന്ന പഴമയുടെ പെരുമ വിളിച്ചോതുന്ന ദേവാലയങ്ങളും, കെട്ടിടങ്ങളും കെരേത്താരോയെ സുന്ദരിയാക്കിയിരിക്കുന്നു എന്നു പറഞ്ഞാൽ തെറ്റില്ല. മാത്രമല്ല പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ശീതോഷ്ണസമ്മിശ്രമായ കാലാവസ്ഥയും ജനങ്ങളെ ഇവിടെ ജീവിക്കാൻ ക്ഷണിക്കുന്നു. മറ്റു മെക്സിക്കോ സിറ്റികളേക്കാൾ ശാന്തിയും സമാധാനവും ഇവിടെ വിളയുന്നു എന്നാണ് പറച്ചിൽ. മെക്സിക്കോയിലെ മയക്കുമരുന്നു രാജാക്കന്മാർ അവരുടെ ഭാര്യമാരെ താമസിപ്പിച്ചിരിക്കുന്ന നഗരമാണത്രേ കെരേത്താരോ. അതുകൊണ്ടുതന്നെ അവർ എപ്പോഴും ഈ നഗരത്തിന്റെ ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കുന്നുവെന്ന് അടക്കസംസാരം!

ഒരു ദിവസം പള്ളിയിലേക്കുള്ള നടപ്പിനിടെയായിരുന്ന സംഭവം, പത്ത് മിനിറ്റ് നടപ്പേ പള്ളിയിലേക്കുള്ളൂ. വൈകുന്നേരത്തെ കുർബാന ചൊല്ലാനുള്ള പോക്കായിരുന്നു. അല്പം ഇരുളു വീണു തുടങ്ങിയിരുന്നു. റോഡരുകിൽ കാറുകൾ നിരത്തി പാർക്ക് ചെയ്തിരിക്കുന്നു. കാറുകൾക്കരികിലൂടെ നടപ്പാതയിലൂടെ നടന്നുനീങ്ങുമ്പോഴാണ് പെട്ടെന്ന് ആ കാഴ്ച്ച കണ്ടത്. ഒരു കാറിനു മുൻപിലായി മുട്ടുകുത്തി കൈകൾ തലക്കു പുറ

കിൽ വച്ചു നിർത്തി അവന്റെ തലക്കുനേരെ തോക്കുചൂണ്ടി നിൽക്കുന്ന പോലീസ്. ഒന്നു ഞെട്ടി. ആദ്യമായിട്ടാണ് തോക്കിനു മുൻപിലുള്ള കാഴ്ച്ച. പിന്നീടന്വേഷിച്ചപ്പോൾ കേട്ടു മയക്കുമരുന്നു കാരിയർ ആണത്രേ ആ യുവാവ്. വളരുന്ന നാഗരികതയുടെ ചുവന്ന ഭീകരമുഖങ്ങൾ – അപരന്റെ ചോരകൊണ്ട് വിളയാടുന്നവർ. ചോരക്കളികൾക്കിടയിലാണ് ചോരകൊണ്ട് ശുദ്ധീകരിക്കാനും രക്ഷിക്കാനുമായി ഒരുവൻ പിറക്കുന്നത്. ക്രിസ്തുമസ് പ്രത്യാശയോടെയും പ്രതീക്ഷയോടെയും രക്ഷകനെ കാത്തിരിക്കുന്നവർക്കുള്ളതാണ്.

ഈ പ്രത്യാശയോടും പ്രതീക്ഷയോടും വിശ്വാസത്തോടും കൂടെയാണ് മെകിസ്ക്കൻ ജനത മാതാവിന്റെ സന്നിധിയിലണയുന്നത്. കെരേത്താരോയിലെ ഷേൺസ്റ്റാട്ട് തീർത്ഥാടന കപ്പേളയിൽ വരുന്നവരുടെ ആത്മീയ കാര്യങ്ങൾ ശ്രദ്ധിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം. ഇവിടെയുള്ളവരുടെ മാതൃഭക്തി അമ്പരപ്പിക്കുന്നതു തന്നെ. എന്നാൽ യൂറോപ്യൻ രാജ്യങ്ങളുടെയും അമേരിക്കയുടെയും നാഗരികമൂല്യങ്ങളുടെ അധിനിവേശത്തോട് പടവെട്ടുന്ന മെക്സിക്കൻ ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ അഭയം മാതാവും, മാതൃഭക്തിയും തന്നെ. മയക്കുമരുന്നും, കൊള്ളയും, കൊലയുമൊക്കെ പ്രശസ്തമാക്കിയ മെക്സിക്കോ രാജ്യത്തിന്റെ നന്മയുടെ അപാരതകളുടെ വഴികാട്ടി നക്ഷത്രം തന്നെയാണ് മാതാവ്. ഈ മാതൃഭക്തിയോട് അവർ എല്ലാം ചേർത്തുവയ്ക്കും. അവർ ഒരിക്കലും എന്റെ വീട് എന്നു പറയില്ല, su casa, tu casa അവന്റെ ഭവനം (ദൈവത്തിന്റെ അല്ലെങ്കിൽ നിങ്ങളുടെ ഭവനം) എന്നാണ് പറയുക. ഈ പറച്ചിൽപ്പോലെ തന്നെ ആതിഥ്യ മര്യാദയിലും ഒത്തുകൂടലുകളും മെക്സിക്കൻ ജനതയ്ക്ക് ഹരമാണ്. ഈ ഒത്തുകൂടലുകളുടെ അവിഭാജ്യ ഘടകങ്ങളായി തെക്കീല എന്ന മദ്യവും, മരിയാച്ചി എന്ന സംഗീതവും.

ഒരുപാടു ഭ്രമങ്ങളും, വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും, ആചാരങ്ങളും, പാരമ്പര്യങ്ങളും ഒക്കെപ്പേറി നടക്കുന്ന സാധാരണ ജനത. അവർക്ക് ഇഷ്ടങ്ങൾ പ്രധാനമാണ്. കണ്ടുമുട്ടുന്ന ഏതൊരു മനുഷ്യനും ചോദിക്കുന്ന ഒരു ചോദ്യമുണ്ട് Te guesto Padre? ഇഷ്ടപ്പെട്ടോ അച്ചാ എന്ന്– സ്ഥലമായാലും, ഭക്ഷണമായാലും, വ്യക്തികളായാലും ഇഷ്ടപ്പെടണം. അതാണ് പ്രധാനം. ഇഷ്ടപ്പെട്ടാൽ അവർ സ്നേഹിച്ചുകൊല്ലും! നാലും അഞ്ചും മണിക്കൂർ നീണ്ടു നിൽക്കുന്ന വിരുന്നുകളിലേക്ക് നമ്മെ ക്ഷണിക്കും. എല്ലു നുറുങ്ങുന്ന ആലിംഗനങ്ങൾ കൊണ്ട് അവർ നിങ്ങളെ സ്നേഹിക്കും ഹൃദയങ്ങൾ തമ്മിൽ സ്പർശിക്കുന്നതാണ് അവരുടെ (Abrasso) ആലിംഗനം.

അവരുടെ ഈ ആത്മാർത്ഥതയും വൈകാരികതയും നിറഞ്ഞ പ്രകൃതി തന്നെയാണെന്ന് തോന്നുന്നു. കുമ്പസാരക്കൂടുകളില്ല, നീണ്ട വരികൾക്കും കണ്ണീരിനും കാരണം. കുമ്പസാരക്കൂടുകളിലെല്ലാം കണ്ണീരു തുടക്കാനുള്ള തൂവാലകളും നിർബന്ധം. തീർത്ഥാടകന്റെ അലച്ചിലിൽ നിന്നും, കണ്ണീരിന്റെ വൈകാരികതയിൽ നിന്നും, വ്യക്തിത്വ രൂപീകരണത്തിന്റെ വിചാര പാതയിലേക്ക് നയിക്കാനുള്ള ഷേൺസ്റ്റാട്ട് പ്രസ്ഥാനം പ്രയാണം തുടരുന്നു. Te guesto തെ ജസ്റ്റോ – ഇവിടം ഇഷ്ടപ്പെട്ടോ എന്ന് വീണ്ടും ചോദിച്ച് മെക്സിക്കൻ അപാരതകളും കൂടെക്കൂടുന്നു.

●



# സ്വർഗ്ഗത്തിൽ നിന്നും സക്രാരിയിലേക്ക്

ഫാ. ജോൺസൺ നെല്ലിശ്ശേരി ISch

ക്രിസ്തുമസ് ഈശോയുടെ ആദ്യവരവിന്റെ ആഘോഷമാണ്. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലെത്തുന്ന ഈശോയെ മാലോകരേവരും കൈകൾ നീട്ടി സ്വീകരിച്ച അനർഘ നിമിഷം ഓർമ്മയിൽ പുനർജ്ജനിക്കുന്ന പുണ്യദിനം.

സ്വർഗ്ഗത്തിൽ നിന്നും ജാതനായ ഈശോയെ സ്വീകരിച്ചവരും അവിടുത്തെ അനുഭവിച്ചറിഞ്ഞവരും ഏറെയുണ്ട്. പരിശുദ്ധ അമ്മയിൽ നിന്നും തുടങ്ങി ആ നിര നീണ്ടുപോവുകയാണ്. അതിൽ കുട്ടികൾ മുതൽ പ്രായമായ നിക്കോദേവൂസും ഉൾപ്പെടും. പാപികൾക്കും, രോഗികൾക്കും, തിരസ്ക്കരിക്കപ്പെട്ടവർക്കും ഈശോ നിത്യരക്ഷ നല്കുന്ന അനുഭവമായി മാറി. മരിച്ചവർ പോലും ഈശോയിൽ പുതുജീവൻ നുകർന്നു. മനുഷ്യ വർഗ്ഗത്തോട് ദൈവം സംസാരിച്ചു: " ഇതാ എന്റെ പുത്രൻ, ഇവനെ ശ്രവിക്കുക" ഇരുളിൽ ജീവിച്ചവർക്ക് ഈശോ വഴിയും സത്യവും ജീവനുമായി.



ഈശോയുടെ കൂടെ സമയം ചെലവഴിച്ചവരിൽ പലരും പല അളവിലാണ് അവിടുത്തെ അനുഭവിച്ചറിഞ്ഞത്. 'നല്ല കള്ളന്റെ ' ഈശോ അനുഭവം ഹ്രസ്വമായിരുന്നു. എങ്കിലും അത് പുണ്യമായി, നന്മയായി, രക്ഷയായി ഭവിച്ചു. ഈശോയെ ദീർഘകാലം അറിഞ്ഞ, സ്നേഹം നുകർന്ന യൂദാസാകട്ടെ തന്നെ തന്നെ ഈശോയ്ക്ക് വിട്ടുകൊടുക്കുവാൻ കഴിയാത്ത നിരാശയുടെ ഗർത്തത്തിൽ പതിക്കുകയാണ് ചെയ്തത്.

മനുഷ്യവംശത്തിന്റെ ഗതിവിഗതികൾ അറിയുന്ന ഈശോ നമ്മെ വിട്ടുപോകുവാൻ വിമുഖത കാണിച്ചു. അതിന്റെ അടയാളമാണ് വിശുദ്ധ കുർബ്ബാന. അപ്പത്തിന്റെ രൂപത്തിൽ ഈശോ സ്വയം ലോകത്തിന് വെളിപ്പെടുത്തുകയും തന്റെ സ്ഥിരമായ സാമിപ്യം കൊണ്ട് മനുഷ്യവംശത്തെ മുഴുവനായും തന്നിലേക്ക് ആകർഷിക്കുവാൻ അവിടുന്ന് ദാഹിക്കുകയും അത് പൂർത്തിയാകുന്നതുവരെ അസ്വസ്ഥനാകുകയും ചെയ്യുന്നു. നമുക്കുള്ള ഈശോയുടെ കരുതലാണ് കുർബ്ബാന.

വിശുദ്ധ കുർബ്ബാനയിൽ ഈശോയെ കണ്ടെത്താനും അനുഭവിക്കാനും കഴിയാത്തവരെ ഈശോ ഉപേക്ഷിക്കുന്നില്ല. അവരെ ഹൃദയപൂർവ്വം കുമ്പസാരക്കൂടുകളിലേക്ക് ക്ഷണിക്കുകയാണ്. തന്റെ നഷ്ടപ്പെട്ട ആടുകൾക്കായി ഈശോ ക്ഷമാപൂർവ്വം കാത്തിരിക്കുന്നു. നമ്മളിൽ എത്രയോ പേരാണ് വർഷങ്ങളായി ഈശോയെ ദർശിക്കാതെ അനുദിന വ്യാപാരങ്ങളിൽ മുഴുകി മുന്നോട്ട് പോകുന്നത്. " നിങ്ങൾ എന്റെ അടുക്കൽ വരുവിൻ" എന്ന ഈശോയുടെ ക്ഷണം എത്ര തവണയാണ് നമ്മൾ നിഷ്കരുണം തള്ളിക്കളഞ്ഞിട്ടുള്ളത്.

നമ്മൾ താലന്തുകൾ വർദ്ധിപ്പിക്കുന്ന സേവകരാകുവാനും സത്ഫലങ്ങൾ പുറപ്പെടുവിക്കുന്ന വൃക്ഷങ്ങൾ ആകാനും, നൂറുമേനി വിളവു തരുന്ന വിത്തുകളാകാനും വേണ്ടി

ഈശോ സ്വയംശൂന്യമായതിന്റെ പ്രതിഫലനം നാം എന്തുകൊണ്ട് കാണാതെ പോകുന്നു. ഈശോയോട് ചേർന്നു നില്ക്കുന്ന മുന്തിരിശാഖയ്ക്ക് ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കും. വി. പത്രോസിനെ പോലെ മുന്നേ ഓടാനും ഈശോയെ കാണുവാനും ഉള്ള തീവ്ര ആഗ്രഹത്തിൽ സക്രാരിയെ സമീപിക്കുവാൻ നമുക്ക് സാധിച്ചിരുന്നുവെങ്കിൽ! എന്നാൽ നമ്മളും ശിമയോനെപ്പോലെ അനുഗ്രഹീതൻ ആകുമായിരുന്നു.

വി. മദർതെരേസയുടെ ഒരനുഭവം ലോകപ്രശസ്തവും അനുകരണീയവുമാണ്. മഠത്തിൽ ചേരുവാൻ യുവതികൾ വരാതെയായപ്പോൾ എല്ലാ മഠങ്ങളിലും തിരുമണിക്കൂർ ആരംഭിക്കുവാൻ അവർ ആജ്ഞ കൊടുത്തു. നൂറുകണക്കിന് യുവതികൾ ഉപവിയുടെ സഭയിൽ ചേരുവാനായി ആരംഭിച്ചു. ഈശോയെ അനുഭവിച്ചറിഞ്ഞവർ ഈശോയുടെ പിൻഗാമികളാകാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കാനും അത് ഇടയാക്കി.

നമ്മുടെ യുവജനങ്ങളെക്കുറിച്ച് നമുക്ക് ചില തെറ്റിദ്ധാരണകൾ ഉണ്ട്. അവർക്ക് സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുവാനോ, ആരാധിക്കുവാനോ കഴിയില്ല എന്ന് പലപ്പോഴും നാം വിശ്വസിക്കാറുണ്ട്. നാലു വർഷത്തിലൊരിക്കൽ ആഘോഷിക്കപ്പെടുന്ന ലോകയുവജനസംഗമത്തിന്റെ ഒരാകർഷണം പരിശുദ്ധ കുർബ്ബാനയുടെ ആരാധനയാണ്. ഏറെയും വികസിത – പാശ്ചാത്യരാജ്യക്കാരായ ഈ യുവജനങ്ങൾ ഇതിലേക്ക് ആകർഷിക്കപ്പെടുന്നതിന്റെ മൂലകാരണമായി പറയപ്പെടുന്നത് രാത്രിയിലുള്ള ആരാധനയാണ്. ഈശോയുടെ കൂടാരത്തിൽ ഉറക്കമൊഴിച്ച് കാത്തിരിക്കുന്ന യുവജനങ്ങൾ എത്ര നല്ല മനോഹരമായ കാഴ്ച്ചയാണ്. അവരത് ഒരിക്കലും മറക്കാനാവാത്ത സമ്പത്തായി ഹൃദയത്തിൽ സൂക്ഷിക്കുന്നു.



ജീസസ് യൂത്തുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് മനസ്സിലാക്കാവുന്ന ഒരു കാര്യം അവരുടെ ഈശോയുമായുള്ള തീവ്രമായ അടുപ്പമാണ്. ഈ അടുപ്പത്തിലേക്ക് അവരെ നയിക്കുന്നത് വി. കുർബ്ബാനയോടൊപ്പം ബൈബിൾ പഠനവും കൂട്ടായ്മയും ആണ്. ഈശോയെ അറിയുവാനും അവിടുത്തോടുകൂടി ആയിരിക്കുവാനും അവർ പഠിക്കുന്നു. അതിന്റെ ഫലമോ: അവർ ക്രിസ്തുവിൽ നിറഞ്ഞ പുതുസൃഷ്ടികളായിത്തീരുന്നു. അവർ ലോകത്തിലേയ്ക്ക് ഈശോയെ നേടുവാനായി ഇറങ്ങിത്തിരിക്കുന്നു.

വൈദികർ ആകുവാനായി തീരുമാനമെടുക്കുന്ന യുവജനങ്ങളിൽ എല്ലാവരും തന്നെ ആരാധനയിലും വി. കുർബ്ബാനയിലും ഈശോയെ കണ്ടുമുട്ടുന്നവരും അനുഭവിക്കുന്നവരും ആണ്. അറിഞ്ഞ യേശുവിനെ പകർന്ന് കൊടുക്കുവാനുള്ള ആഗ്രഹമാണ് ദൈവവിളിയുടെ അടിസ്ഥാനം.

സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് സക്രാരിയിൽ വസിക്കുന്ന ഈശോയിലേക്ക് നടന്നടുക്കുകയാണ് ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ നമ്മൾ ചെയ്യേണ്ടത്. അവിടുത്തെ സ്ഥിരമായ പിറവി ആചരിക്കുമ്പോൾ അവിടുത്തെ സ്ഥിരമായ സാമീപ്യം നമ്മെ സാന്ത്വനപ്പെടുത്തുകയും നമ്മെ സ്നേഹിക്കുന്ന ഈശോയ്ക്ക് നന്ദി പറയുവാനും നമുക്ക് കഴിയട്ടെ. നമ്മുടെ ഞായറാഴ്ച്ച ആചരണങ്ങളും ഭക്തകൃത്യങ്ങളും അനുദിന ക്രിസ്തുമസ് അനുഭവത്തിലേയ്ക്ക് നമ്മെ നയിക്കട്ടെ ■

# സമാധാനത്തിലേക്കുള്ള വഴി

ഒരിക്കൽ ഒരു രാജാവ് തന്റെ മന്ത്രിയോട് ചോദിച്ചു.
മന്ത്രീ, ഇക്കണ്ട സൗകര്യങ്ങൾ ഒക്കെയുണ്ടെങ്കിലും ഒരു സമാധാനമില്ല.. ആ രാജസേവകനെ കണ്ടോ.. അയാൾ ദരിദ്രനാണ്, എങ്കിലും; എത്ര സന്തോഷവാനാണ് അയാൾ! എന്താണതിന്റെ കാരണം!
മന്ത്രി പറഞ്ഞു: രാജാവേ, താങ്കൾ 99 ന്റെ പരീക്ഷ നടത്തിയാൽ മതി, നിസ്സാരമായി ഉത്തരം കിട്ടും.
രാജാവ്: ങ്ഹേ.. അതെന്താ 99 ന്റെ പരീക്ഷ!!!
മന്ത്രി: 99 വെള്ളിനാണയങ്ങൾ ഒരു കിഴിയിലാക്കി, ഈ 100 നാണയങ്ങൾ നിനക്കുള്ളതാണെന്ന് എഴുതി; അയാളുടെ വീട്ടുപടിക്കൽ വെക്കൂ... അപ്പോൾ സമാധാനക്കേടിന്റെ കാര്യം മനസ്സിലാവും!
രാജാവ്: തന്റെ മന്ത്രി നിർദ്ദേശിച്ചതുപോലെ 99 നാണയങ്ങളടങ്ങുന്ന കിഴി.
സേവകന്റെ വീട്ടുപടിയിൽ കൊണ്ടുവക്കാൻ ഏർപ്പാടാക്കി.
രാത്രിയിലെപ്പോഴോ പുറത്തിറങ്ങിയ സേവകൻ തന്റെ വീട്ടുപടിക്കലിരിക്കുന്ന പണക്കിഴി കണ്ടു... അത് പരിശോധിച്ച് രാജസമ്മാനമാണെന്ന് അറിഞ്ഞ് അത്ഭുതപ്പെട്ടു, ശേഷം സന്തോഷിച്ചു.
ആഹാ.. 100 വെള്ളിനാണയങ്ങൾ!!!
അയാൾ നാണയങ്ങൾ എണ്ണാൻ തുടങ്ങി.
എത്ര പ്രാവശ്യം എണ്ണിയിട്ടും 99 നാണയങ്ങൾ മാത്രം!
പക്ഷേ; കിഴിയിൽ 100 നാണയങ്ങൾ എന്നല്ലേ എഴുതിയിരിക്കുന്നത്!
ബാക്കിയുള്ള ഒരു നാണയമെവിടെ? അയാൾ ആകെ പരവശപ്പെട്ട്; തിരച്ചിൽ തുടങ്ങി.
വീടും പറമ്പും അരിച്ചു പെറുക്കി.
ഭാര്യയെയും, മക്കളേയും അയൽക്കാരേയും ചോദ്യം ചെയ്തു.
പക്ഷേ ആ ഒരു നാണയം മാത്രം കിട്ടിയില്ല!
കാണാതായ ആ ഒരൊറ്റ നാണയത്തെ കുറിച്ചോർത്ത് അയാൾക്ക് അന്ന് രാത്രി ഉറക്കം വന്നില്ല!
ഒരു പക്ഷേ ജീവിതത്തിൽ ആദ്യമായി അയാൾക്ക് ഉറങ്ങാനാകാത്ത രാത്രി!!
അടുത്ത ദിവസം; അയാൾ വളരെ ദുഃഖിതനായാണ് രാജകൊട്ടാരത്തിൽ എത്തിയത്.
അയാളെ പ്രതീക്ഷിച്ചിരുന്ന രാജാവ് ഇങ്ങനെ അന്വേഷിച്ചു.
നിങ്ങൾക്കെന്തുപറ്റി? ഏറെ ക്ഷീണിതനും ദുഃഖിതനുമാണല്ലോ?
ഭടൻ... പ്രഭോ അങ്ങ് കനിഞ്ഞു തന്ന 100 നാണയങ്ങളിൽ ഒരെണ്ണം മാത്രം കാണുന്നില്ല.
അതോർത്താണീ വിഷാദം
രാജാവിന് കാര്യം പിടികിട്ടി..
തന്റെയും രോഗം ഇത് തന്നെ.
കിട്ടാത്ത ഒന്നിനെ ഓർത്താണ് ദുഃഖം
കയ്യിലുള്ള 99ൽ സന്തോഷിക്കാനും, അനുഗ്രഹങ്ങൾ തന്ന ദൈവത്തിനോടുള്ള നന്ദി കാണിക്കാനും അതിനാൽ മറക്കുന്നു!!
കിട്ടിയതൊന്നും മതിയാവാതെ സങ്കടപ്പെട്ട് കാലം കഴിക്കണോ? അതോ, ഉള്ളതിൽ സംതൃപ്തനായി സമാധാനമായി ജീവിക്കണോ.. തീരുമാനം നമ്മുടേതാണ്.. നമ്മുടേത് മാത്രം!!!
എത്ര കല്ലുകൾ നിറഞ്ഞ വഴിയിലൂടെയും നല്ലൊരു ഷൂസണിഞ്ഞാൽ നമുക്ക് വളരെയെളുപ്പം നടക്കാൻ പറ്റും.
എന്നാൽ ധരിച്ച ഷൂസിനുള്ളിൽ ചെറിയൊരു കല്ല് കടന്നു കൂടിയാലോ?
പുറത്തുള്ള പ്രശ്നങ്ങളല്ല നമ്മുടെ പരാജയകാരണം നമ്മുടെ ഉള്ളിലുള്ള കുറവുകളാണ്!
ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ചിന്തകളാണ് നമ്മുടെ ഭാവി നിർണ്ണയിക്കുന്നത്!!!

■







# കൈക്കുമ്പിളിലെ സ്വർഗ്ഗം



ബ്ര. ജോ. അഗസ്റ്റിൻ

കുളിരാർന്ന ഒരു ഡിസംബർ സായാഹ്നം, അസ്തമയ സൂര്യന്റെ ചെങ്കിരണങ്ങളാൽ പട്ടണത്തിന്റെ ചന്തം കൂടിയതുപോലെ, ദീപാലംകൃതമാണ് തെരുവീഥികൾ, പാതയോരങ്ങളിൽ മിന്നിതെളിയുന്ന നക്ഷത്രങ്ങൾ, തെരുവോരങ്ങളെല്ലാം ക്രിസ്തുമസ് ആഘോഷതിമിർപ്പിലാണ്. ക്ലബ്ബിലും, ബാറിലും, ഷോപ്പിംഗ് മാളുകളിലുമെല്ലാം വലിയ തിക്കും തിരക്കും, ആടിയും പാടിയും നടന്നുനീങ്ങുന്ന ന്യൂ ജനറേഷൻ യുവാക്കളും യുവതികളും. ക്രിസ്തുമസ് ഗ്രീറ്റിംഗ്സിനെ സീസണൽ ഗ്രീറ്റിംഗ്സ് എന്നാക്കി മാറ്റിയതു തന്നെ ഇതുകൊണ്ടാവാം! എവിടെയും ഒരു ഉത്സവപ്രതീതി. ഒരു നിമിഷം എന്റെ മനസ്സും മന്ത്രിച്ചു. ഓ, എത്ര മനോഹരം!

കണ്ണാടി ചില്ലുകൾക്കപ്പുറം ഒരു കൊമേഴ്സ്യൽ സിനിമയുടെ സൗന്ദര്യം കണ്ണുകൾക്ക് സമ്മാനിച്ചപ്പോൾ ഞാൻ എന്നെതന്നെ ഒരു ബ്ലാക്ക് & വൈറ്റ് ചലച്ചിത്രത്തോട് ഉപമിച്ച് കിട്ടാതെപോയ സൗഭാഗ്യങ്ങളെക്കുറിച്ചോർത്ത് നെടുവീർപ്പിട്ടു. ഉന്മാദത്തിന്റെ തിളക്കമാർന്ന ലോകത്തിലേയ്ക്ക് ആർത്തിയോടെ നോക്കിയിരിക്കുമ്പോൾ തണുത്ത് മരവിച്ച, പരുപരുത്ത ഒരു കൈ എന്നെ സ്പർശിച്ചു. ചിന്തയിൽ നിന്നും ഞെട്ടിയുണർന്ന് നോക്കിയപ്പോൾ അനാഥനായ ഒരു യാചകൻ എന്റെ നേരെ കൈകൾ നീട്ടുന്നു. സ്വപ്നലോകത്തിന്റെ മായയിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് 'ദൈവമേ' എന്ന ഉൾവിളിയോടെ ഞാൻ തിരിച്ചെത്തുകയായിരുന്നു. ഒരു നിമിഷം ഞാൻ ചിന്തിച്ചു. അന്ധനായ ആ മനുഷ്യന് ഈ ക്രിസ്തുമസ്സും നക്ഷത്രങ്ങളും വർണ്ണശോഭകളുമൊക്കെ അന്യമാണല്ലോ. എന്നെ സ്പർശിച്ച ആ പരുപരുത്ത കരങ്ങൾ ഒരു പക്ഷേ ക്രിസ്തുവിന്റേതായിരിക്കാം. ആ കൈകളിൽ ആണിപഴുതുകൾ ഉണ്ടായിരുന്നോ...? തിരഞ്ഞെടുത്ത എന്നെ തിരുത്തുവാൻ അന്ധയാചകനായി വന്ന ക്രിസ്തു എന്റെ മിഴികളെ നനയിച്ച് നടന്നകന്നു.




അതെ, പരിമിതികളും പരിഭവങ്ങളും നമുക്കൊരിക്കലും അന്യമല്ല. കിട്ടാത്തതിനെക്കുറിച്ചോർത്തെന്നും പരിഭവപ്പെടുമ്പോൾ, കിട്ടിയതിനെക്കുറിച്ചോർത്ത് ഒരിക്കലെങ്കിലും നാം നന്ദി പ്രകാശിപ്പിച്ചിട്ടുണ്ടോ? ദൈവം നമ്മെ സൃഷ്ടിച്ചത് വ്യക്തമായ പദ്ധതിയോടെതന്നെയാണ്. അവിടുന്നു വചനത്തിലൂടെ നമ്മോട് പറയുന്നു." നിന്നെക്കുറിച്ചെനിക്കൊരു പദ്ധതിയുണ്ട്, അതു നിന്റെ നാശത്തിനല്ല മറിച്ച് ക്ഷേമത്തിനത്രേ" (ജറെ 29:11). കിട്ടാത്ത താലന്തിനെക്കുറിച്ചോർത്ത് പിറുപിറുക്കാതെ കിട്ടിയതിരട്ടിപ്പിക്കുന്നവനാണ് ദൈവരാജ്യത്തിനവകാശി. ഭൂമിക്കും ആകാശത്തി

"നിഷ്കളങ്കനായ ശിശുവിനെപ്പോലെ ഭാവിയെക്കുറിച്ച് ആകുലതയില്ലാതെ ജീവിക്കുക"



നുമിടയിൽ രക്തംവാർന്നു മരിക്കുമെന്നറിയാവുന്നതുകൊണ്ടായിരിക്കാം പണവും പ്രശസ്തിയും സുഖഭോഗങ്ങളും പ്രതീക്ഷിച്ച് ആരുമെന്നെ അനുഗമിക്കേണ്ടാ, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല എന്നവൻ പറഞ്ഞത്. Extra ordinarily ordinary അതായിരുന്നു ക്രിസ്തു. അവന്റെ ജീവിതമായിരുന്നു അവന്റെ സുവിശേഷം.

പുൽക്കൂട്ടിൽ പിറന്ന രക്ഷകനെ കണ്ട് സന്തോഷത്തോടെ ആർപ്പുവിളിച്ച് തുള്ളിച്ചാടിയാണ് അന്ന് ഇടയന്മാർ തിരിച്ച് പോയത്. രക്ഷകനെ കണ്ടതിനെക്കാൾ ഉപരി, പിറന്നവൻ അവരിൽ ഒരുവനാണെന്ന ബോധ്യമായിരിക്കണം അവരെ കൂടുതൽ സന്തോഷിപ്പിച്ചത്. പല രാജ്ഞിമാരും പുരോഹിതകളും കാത്തിരുന്ന സൗഭാഗ്യം തങ്ങളിൽ ഒരാൾക്ക് ലഭിച്ചിരിക്കുന്നു പിന്നെങ്ങനെ അവർ ആടാതെയും പാടാതെയുമിരിക്കും. എന്നാൽ ഒരു പക്ഷേ രക്ഷകൻ ഒരു കൊട്ടാരത്തിലായിരുന്നു പിറന്നതെങ്കിലോ ഇടയന്മാർക്ക് ഈ ദർശനം തന്നെ അപ്രാപ്യമായേനെ.



അതെ പാവപ്പെട്ടവനുപകരിക്കാത്തവയും അവന് അപ്രാപ്യമായതുമായ സ്വപ്നങ്ങളെല്ലാം ക്രിസ്തുവിന്റെ ലാളിത്യത്തെയല്ല വിളിച്ചറിയിക്കുന്നത്.... അവർ ക്രിസ്തുവിന്റെ സുവിശേഷമല്ല പ്രഘോഷിക്കുന്നത്.

ദുഃഖത്തിനും നിരാശക്കും കാരണമെന്താണെന്ന് ബുദ്ധനോട് ചോദിച്ചാൽ ബുദ്ധൻ പറയും ആശയാണ് ഇതിനെല്ലാം മൂലകാരണമെന്ന്. അതെ, എത്രയെത്ര ജീവനുകളാണ് വെട്ടിപ്പിടിക്കുന്നതിനും കെട്ടിപ്പടുക്കുന്നതിനുമിടയിൽ നഷ്ടമായത്? അവിടെ രക്തബന്ധത്തിനോ സ്നേഹബന്ധത്തിനോ ആരും വില നൽകുന്നില്ല. പല സമകാലിക സംഭവങ്ങളും ഇങ്ങനെയുള്ള അഭിലാഷങ്ങളിൽ നിന്നുമുണ്ടായതാണ്. ആഡംബരഭ്രമവും പണമുണ്ടാക്കാനുള്ള വ്യഗ്രതുമൊക്കെ ഇന്നത്തെ ലോകത്തിന്റെ കെണികളാണ്. ടോൾസ്റ്റോയിയുടെ കേട്ടുമറന്ന ഒരു കഥയ്ക്ക് (How much land does a man need?) ഇന്നാണ് കൂടുതൽ പ്രസക്തി തോന്നുന്നത്. സൂര്യാസ്തമയത്തിന് മുമ്പ് നടന്നു തീർക്കുന്നതത്രയും നിലം തനിക്ക് സ്വന്തമാകുമെന്നറിഞ്ഞ് പക്കോം(Pakhom) എന്ന മനുഷ്യൻ വേഗത്തിൽ നടന്നാരംഭിക്കുകയും പിന്നീട് നിൽക്കാതെ ഓടുകയും ചെയ്തു. വിശപ്പും ദാഹവും ക്ഷീണവുമൊക്കെ അറിഞ്ഞതേയില്ല അയാൾ. സൂര്യാസ്തമയമായപ്പോഴേക്കും ഒരുപാട് ദൂരം പിന്നിട്ട് താൻ ഓടി നേടിയ സ്വത്ത് സ്വന്തമാക്കാൻ ഭൂവുടമയ്ക്ക് മുന്നിൽ വന്ന അവൻ അവിടെ കിതച്ച് വീണ് ആറടിമണ്ണ് സ്വന്തമാക്കി.

പണമാണെന്റെ ദൈവം പണമുണ്ടെങ്കിൽ എന്തും വാങ്ങാം എന്നു നാം പറയുമ്പോൾ ഓർക്കണം. പണമുണ്ടെങ്കിൽ നമുക്കൊരു വലിയ വീടുവെയ്ക്കാം എന്നാൽ സന്തോഷവും



സമാധാനവുമുള്ള ഒരു ഭവനം തരാനാകുമോ അതിന്...? വിലകൂടിയ മെത്ത വാങ്ങാം എന്നാൽ ഉറക്കം വാങ്ങാനാവുമോ, കൊട്ടാര സമാനമായ വീടുകളിൽ നിന്നും അടക്കിപിടിച്ച തേങ്ങലുകളും, വിമ്മിഷ്ടത്തിന്റെ നെടുവീർപ്പുകളും ഇന്നുമുയരുന്നതെന്തേ?

മഹാനായ അലക്സാണ്ടർ ചക്രവർത്തി ലോകം മുഴുവൻ വെട്ടിപ്പിടിച്ച് അവസാനം മരണകിടക്കയിൽ വച്ച് പറഞ്ഞു മരിക്കുമ്പോൾ എന്റെ ഇരുകൈകളും ശവമഞ്ചത്തിന് വെളിയിലേക്ക് എല്ലാവരും കാണും വിധം വയ്ക്കണം. അതെന്തിനാണെന്ന് ചോദിച്ച പരിചാരകനോട് അദ്ദേഹം പറഞ്ഞു. ലോകം മുഴുവൻ വെട്ടിപിടിച്ച ഞാൻ മരണത്തിൽ ഒന്നും നേടാത്തവനായി വെറുംകൈയ്യോടെ തിരിച്ചുപോകുന്നുവെന്ന് ലോകം കാണണം. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് അപരന്റെ മുഖത്ത് എനിക്കൊരു ചെറുപുഞ്ചിരി വിരിയിക്കാൻ സാധ്യമാകുന്നുവെങ്കിൽ.... എന്റെ അയൽക്കാരന്റെ ഒരു തുള്ളി കണ്ണുനീർ എന്റെ കൈകൾക്ക് തുടക്കാൻ സാധിച്ചാൽ അവിടെയാണ് സ്വർഗ്ഗം ജനിക്കുന്നത്. അപ്പോൾ നമുക്കുറപ്പിക്കാം സ്വർഗ്ഗത്തിലാണ് ഞാൻ നിക്ഷേപം കൂട്ടുന്നതെന്ന്. ഒരു പക്ഷേ നമ്മൾ മറന്ന ഈ മൂല്യങ്ങളെ പൊടിതട്ടി ഉണർത്താനായിരിക്കാം പേമാരിയും വെള്ളപ്പൊക്കവുമൊക്കെ. വെള്ളം പല വേലികൾ പൊളിക്കുന്നതും പല മതിൽക്കെട്ടുകൾക്ക് മുകളിലൂടെയും പരന്ന് ഒഴുകുന്നതും നമ്മൾ കണ്ടതാണല്ലോ.

ഈ ക്രിസ്തുമസ്സിന് എന്റെ അയൽക്കാരന്റെ പുൽക്കൂട്ടിൽ ക്രിസ്തു പിറക്കുന്നുണ്ടോ എന്ന് നമുക്ക് ആദ്യം ഉറപ്പിക്കാം. ഈ പുതുവത്സരത്തിൽ എന്റെ സഹോദരന്റെ കണ്ണിലെ കാർമേഘങ്ങൾ മാറി, നക്ഷത്രങ്ങൾ തെളിയുന്നതു കണ്ട് നമുക്കാശ്വസിക്കാം. മുറ്റത്തെ പുൽക്കൂടുകൾ ഹൃദയങ്ങളിലേക്ക് പറിച്ച് നടുമ്പോഴാണ് ക്രിസ്തു യഥാർത്ഥത്തിൽ പിറക്കുന്നത്. അപരന്റെ ഒരു നുറുങ്ങു സ്വപ്നം (a piece of his dream) എന്റെ കൈക്കുമ്പിളിലാണ് ഉള്ളതെങ്കിൽ ഞാനെന്തിനത് അടച്ചുപിടിക്കണം, അതൊരു നക്ഷത്രമായി ചെറുപുഞ്ചിരിയായി തെളിയട്ടെ അവിടെ.. ■



# സ്നേഹമഞ്ഞ്



**ഫാ. സ്റ്റാഴ്സൻ കള്ളിക്കാടൻ**
**തൃശ്ശൂർ അതിരൂപത**

ദൈവീകമായ ഇടപെടലുകളെല്ലാം മനസ്സിൽ മഞ്ഞുപെയ്യുന്ന അനുഭവം തന്നെയാണ് പ്രദാനം ചെയ്യുന്നത്. അത് നല്ലതുപോലെ അറിഞ്ഞതുകൊണ്ടാണ് സങ്കീർത്തകൻ ഇങ്ങനെ പ്രാർത്ഥിക്കുന്നത്. ഹിസോപ്പുകൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ നിർമ്മലനാകും; എന്നെ കഴുകണമേ! ഞാന് മഞ്ഞിനേക്കാൾ വെൺമയുള്ളവനാകുമെന്ന്. സുഭാഷിതങ്ങളിൽ പറയുന്നതു പോലെ കൊയ്ത്ത് കാലത്ത് തണുപ്പുമായെത്തുന്ന മഞ്ഞുപോലെയാണവൻ (സുഭാ: 25/13).

അവന്റെ ഓരോ ഇടപെടലുകൾ പരിശോധിച്ചാലും അവയിലെല്ലാം പൊടിമഞ്ഞു പെയ്യുന്നത് നമ്മൾ കാണാതിരിക്കുകയില്ല. പറുദീസ നഷ്ടത്തിൽ ഉരുകിയ ജീവിതങ്ങളുടെ നടുവിലേയ്ക്ക് അവൻ സമാധാനത്തിന്റെ മഞ്ഞുമായാണ് എത്തുന്നത്. നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് ജീവിക്കുവിനെന്ന് തെറ്റു ചെയ്ത മാതാപിതാക്കളോട് പറയുമ്പോൾ ആ വാക്കുകളിൽ കരുണതൻ മഞ്ഞല്ലാതെ മറ്റെന്താണ് നമ്മൾ അനുഭവിക്കുന്നത്. കുഞ്ഞിനെ കൊല്ലരുതെന്ന് മോറിയ മലമുകളിൽ വച്ച് ആ വിശ്വാസികളുടെ പിതാവായ അബ്രാഹത്തോട് ദൈവം ആവശ്യപ്പെടുമ്പോൾ മോറിയ മലയിൽ മഞ്ഞു പെയ്യുകയായിരുന്നെന്ന് കണ്ണുള്ള ആർക്കും കാണാവുന്നതേയുള്ളൂ. പാപം ചെയ്തവരെ ശിക്ഷിച്ച് നിത്യനരകത്തിലേയ്ക്ക് വലിച്ചെറിയാതെ രമ്യതയുടെ പാതയിലേക്ക് അവൻ പെയ്യുന്നതിന്റെ നിലാവൊളി ഇപ്പോൾ മനസ്സിലാവുന്നുണ്ട്. അവനെ വണങ്ങിയവരെല്ലാം മഞ്ഞുപോലെ കൃപയുള്ളവരായിരുന്നിട്ടുണ്ട്. അമ്മ മേരിയും താതനാം യൗസേപ്പും പൂജരാജാക്കളും ആട്ടിടയരും രക്ഷയുടെ മഞ്ഞനുഭവങ്ങൾ ആവോളം ആസ്വദിച്ചിട്ടുണ്ട്. ക്രിസ്തു ആരുടെ ജീവിതത്തിലേയ്ക്കാണ് മഞ്ഞുപോലെ വരാതിരുന്നിട്ടുള്ളത്. മരിച്ചുപോയ ലാസറിന്റെ ഭവനത്തിലേക്കും സിക്കമൂർ മരത്തിൽ ഒളിച്ചിരുന്ന സക്കേവൂസിന്റെ അടുത്തേക്കും അവൻ വന്നു എന്നു പറയുന്നതിനേക്കാൾ ചന്തം മഞ്ഞുപോലെ അവൻ അവരിൽ പെയ്തു എന്നു പറയുന്നതു തന്നെയാണ്.





**"അന്ധകാരത്തിലും രാത്രിയും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും. കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"**

തെറ്റിൽ പിടിക്കപ്പെട്ട പാപിനിയായ സ്ത്രീയോടും പന്ത്രണ്ടു വർഷത്തിന്റെ വേദനയിലൂടെ കടന്നുപോയ രക്തസ്രാവക്കാരി സ്ത്രീയോടും ജന്മനാ അന്ധനായ ബർത്തമി യോസിനോടും ക്രിസ്തു നിനക്കാരാണെന്ന് ആരായുമ്പോൾ അവൻ എന്റെ മരുഭൂ യാത്രയിൽ മഞ്ഞുപോലെ പെയ്തിറങ്ങിയവൻ എന്ന വിശേഷണമേ നല്കാനുണ്ടാകൂ. കുരിശിൽ കിടന്ന് അവൻ ചിന്തിയത് രക്തമല്ല പിന്നെയോ മഞ്ഞിൻ തുള്ളികളാണെന്നാണ് എന്റെ വിശ്വാസം. കാരണം ആ രക്ത ത്തുള്ളികൾ അവരെ നശിപ്പിക്കുകയോ നിർവ്വീര്യമാക്കുകയോ അല്ല ചെയ്തത്. പിന്നെയോ മഞ്ഞുപോലെ വെണ്മയുള്ളവരാക്കി എന്നതാണ് സത്യം.

അവന്റെ കൂടെ നിൽക്കുന്നവർ മഞ്ഞുപോലെ വെണ്മയുള്ളവരാവുകയും മറ്റുള്ളവരിലേക്ക് മഞ്ഞായി പെയ്തിറങ്ങുകയും ചെയ്യും എന്നതാണ് ക്രിസ്മസ് സന്ദേശം. മർക്കോസിന്റെ സുവിശേഷം മാത്രം ധ്യാനിച്ചാൽ ഇക്കാര്യം വ്യക്തമാണ്. അവന്റെ കൂടെ രൂപാന്തരീകരണ മലയിലേക്ക് യാത്രയായ പത്രോസും യാക്കോബും യോഹന്നാനും സ്വന്തമാക്കിയത് അതെ മഞ്ഞനുഭവങ്ങൾ തന്നെയാണ്. തിരുവചനം പറയുന്നത് ഇപ്രകാരമാണ്. യേശു ഒരു ഉയർന്ന മലയിലേക്ക് പോയി. അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനേക്കാൾ വെണ്മയും തിളക്കമുള്ളവയായി (മർക്കോ : 9/3). അതേ തിളക്കം ഈ ശ്ലീഹരും അനുഭവിച്ചതു കൊണ്ടാണ് നമുക്കിവിടെ കൂടാരങ്ങൾ പണിയാമെന്നൊക്കെ അവർ ഏറ്റു പാടുന്നത്.

ക്രിസ്മസ്-സത്യം പറഞ്ഞാൽ ക്രിസ്തുവിന്റെ കൂടെ നടക്കാനുള്ള സ്നേഹപൂർവ്വകമായ ഓർമ്മപ്പെടുത്തലാണ് പകർന്നേകുന്നത്. അവനെ അനുഗമിച്ചവർക്ക് കല്ലറയിൽ പോലും അവൻ അത്ഭുതക്കാഴ്ചകൾ ഒരുക്കിയിട്ടുണ്ട്. ദൂതനെ കാണാനും ഭാവി കാര്യങ്ങൾ അറിയാനും അവർക്ക് കഴിഞ്ഞത് ക്രിസ്തുവിനൊപ്പം യാത്ര ചെയ്തതു കൊണ്ടാണ്.

ക്രിസ്തുവിന്റെ കൂടെ നടക്കാത്തവരെല്ലാം ഏതൊക്കെയോ കുളക്കരയിൽ സൗഖ്യത്തിനു വേണ്ടി ഇപ്പോഴും കാത്തിരിക്കുന്നുണ്ട്. ബത്സെയ്ദാ കുളക്കരയിലെ രോഗിയെക്കുറിച്ചൊരു വായന കിട്ടി കഴിഞ്ഞ ദിവസം. അയാൾക്ക് എന്തുകൊണ്ട് 38 വർഷം ആ കുളക്കടവിൽ കിടക്കേണ്ടിവന്നു എന്നതിനുള്ള ഉത്തരം അവൻ ക്രിസ്തുവിനൊപ്പം നടക്കാൻ മടിച്ചതാണെന്നാണ് വ്യാഖ്യാനം. ആ തളർവാത രോഗിക്കൊരു പ്രശ്നം വന്നപ്പോൾ അവൻ വിളിച്ചതും ചേർന്നുനിന്നതും ആ നസ്രായനൊപ്പമായിരുന്നില്ലത്രേ. പിന്നെയോ അന്യദേവനായ എസ്കലേ പിയൂസിനെ ആയിരുന്നെന്നും ആ ദേവീക്ഷേത്രത്തിലേക്കാണ് അവൻ അഭയം തേടി ചെന്നതെന്നും വായിക്കുന്നു. അതു



"ദൈവത്തിനു ഒരാത്മാവിനെ ഉപയോഗപ്പെടുത്തണമെന്നുണ്ടെങ്കിൽ അവിടുന്ന് അതിനെ ആദ്യം മനുഷ്യന്റെ കണ്ണിൽ ഉപയോഗമില്ലാതാക്കിമാറ്റുന്നു"

കൊണ്ടാണ് അവൻ അത്രയും വർഷം സൗഖ്യം നിഷേധിക്കപ്പെട്ടത്.

ക്രിസ്തുവിനൊപ്പമല്ലാതെയുള്ള മറ്റെല്ലാ യാത്രകളും വിഫലമായ കഥകൾ എന്റെയും നിന്റെയും ജീവിതത്തിലെ കറുത്ത അധ്യായ മല്ലേ ചങ്ങാതീ? അവന്റെ കൂടെ യാത്ര ചെയ്താൽ മാത്രം പോര എന്നും ക്രിസ്മസ് മഞ്ഞ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. അവൻ മറ്റുള്ളവർക്കു വേണ്ടി മഞ്ഞും മന്നയുമായതു പോലെ നമുക്കും മറ്റുള്ളവർക്കു വേണ്ടി മഞ്ഞായ് പെയ്തിറങ്ങാനും അപരനെ കുളിരണിയിക്കാനും കഴിയണം. എന്തു കൊണ്ടാണ് ആ രോഗിയെ ആരും സഹായി ക്കാതെ കടന്നു പോയത് എന്നതിന്റെ വ്യാഖ്യാനം പറയുന്നത് അവനും അവന്റെ കുടുംബവും മറ്റുള്ളവർക്കുവേണ്ടി ഒരു നന്മയും ചെയ്യാതിരുന്നതുകൊണ്ടാണ് എന്നാണ്. ഒരു കുഞ്ഞു സഹായമെങ്കിലും രോഗം വരും മുമ്പ് അയാൾ ചെയ്തിരുന്നെങ്കിൽ അയാളെ വെള്ളമിളകുമ്പോൾ എടുത്തു കിടത്താനും കുളത്തിലേക്കിറക്കാനും ആരെങ്കിലുമൊക്കെ വന്നേനെ എന്ന് മാനുഷികമായിപോലും ചിന്തിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നുണ്ട്.



അപരനാത്മ സുഖത്തിനു വേണ്ടി മഞ്ഞാവാനാണ് ക്രിസ്തുമസ് ഓർമ്മിപ്പി ക്കുന്നത്. ക്രിസ്തുവിനൊപ്പം യാത്ര ചെയ്യുന്നവർ നിശ്ചയമായും അപരനെ തൊടാതെ കടന്നു പോവില്ല. എനിക്ക് ഒരു ഹൈന്ദവ സുഹൃത്തുണ്ട്. പേര് അനുരാജ്. എന്തു കൊണ്ടാണ് അവനെ ഞാൻ ഇപ്പോഴും ഈ കുറിപ്പെഴുതുമ്പോൾ പോലും ഓർക്കുന്നു എന്ന് ചോദിച്ചാൽ ഒരേ ഒരു ഉത്തരമേ എനിക്കു പറയാനുള്ളൂ. അവനിൽ ക്രിസ്തുവിന്റെ സുഗന്ധമുണ്ടായിരുന്നു, അവൻ എന്നിൽ ഒരുനാൾ മഞ്ഞായ് പെയ്തിട്ടുണ്ട്.

സംഭവം നടക്കുന്നത് ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ്. സ്കൂൾ യൂണിഫോം ഇല്ലാത്തതു കൊണ്ട് ജൂൺ മാസം തുടങ്ങി എന്നും ഞാൻ ക്ലാസ്സിനു പുറത്തായിരുന്നു. യൂണിഫോം ധരിച്ച് ക്ലാസിൽ വന്നാൽ മതി എന്ന ക്ലാസ് ടീച്ചറുടെ ഭീഷണിയൊന്നും എനിക്കോ എന്റെ കുടുംബത്തിനോ ബാധകമായിരുന്നില്ല. മൂന്നുനേരം കഞ്ഞിയും പയറും പോലും കഴിക്കാനില്ലാത്ത ഞങ്ങളുടെ കുടുംബത്തിന് യൂണിഫോം ഒരു ആവശ്യഘടകമായിരുന്നില്ല. എങ്കിലും സ്കൂളിൽ പോകാനുള്ള കൊതി കൊണ്ട് എന്നും കീറിയ ഷർട്ടും നിക്കറും ധരിച്ചാണ് പോയിരുന്നത്.

ജൂൺ മാസം മുഴുവൻ ക്ലാസ് റൂമിന് പുറത്ത് നിന്ന് പഠിച്ച എന്റെ അടുത്തേക്ക് ഒരു ദിവസം പുഞ്ചിരിക്കുന്ന മുഖവുമായി അനുരാജ് എന്ന ഒരു സഹപാഠി വന്നു. അവന്റെ കൈയിലുണ്ടായിരുന്ന കുറച്ചു രൂപ തന്ന്

ഇങ്ങനെ പറഞ്ഞു: സുഹൃത്തേ പൂരത്തിന് കളിപ്പാട്ടം വാങ്ങാനും ഐസ്ക്രീം വാങ്ങാനും



എന്റെ ബന്ധുക്കൾ തന്ന പൈസയാണിത്. പക്ഷേ ഞാൻ അതൊന്നും വാങ്ങിയില്ല. ഈ തുകകൊണ്ട് നീ പോയി യൂണിഫോം വസ്ത്രം വാങ്ങണം. നീ പുറത്തുനിന്ന് മഴ കൊള്ളുമ്പോൾ ഞാന് എങ്ങനെയാണ് അകത്തിരുന്നു ക്ലാസ്സ് ശ്രദ്ധിക്കുക. ഇത്രയും പറഞ്ഞ് അവൻ ആ പൈസ എന്റെ പോക്കറ്റിലിട്ട് കടന്നു പോയി. അവൻ ഏല്പ്പിച്ച തുകകൊണ്ട് പിറ്റേന്ന് യൂണിഫോം വസ്ത്രം വാങ്ങി ക്ലാസ്സിലിരിക്കുമ്പോൾ എന്നിൽ മഞ്ഞു പെയ്യുന്നുണ്ടായിരുന്നു.

നമുക്കും മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്ക് മഞ്ഞാവാൻ തുടങ്ങാം. സമീപകാല വാർത്തകളൊക്കെ നമ്മെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്. സ്വന്തം കുടുംബത്തിലുള്ളവർക്ക് ഭക്ഷണത്തിൽ വിഷം കൊടുത്ത് കൊന്നുകൊണ്ടിരിക്കുന്ന വാർത്തകളും വൃദ്ധമന്ദിരത്തിലേയ്ക്ക് പെറ്റതള്ളയെ തള്ളിവിടുന്ന കാഴ്ച്ചകളും ഇന്ന് സ്ഥിര സംഭവമാകുന്നുണ്ട്. ക്രിസ്മസ് അപരനിലേയ്ക്ക് നിന്നെയും

എന്നെയും ക്ഷണിക്കുന്ന ഉത്സവമാണെന്ന് നമുക്ക് മറക്കാതിരിക്കാം. പൂൽകൂട്ടിലെ പുഞ്ചിരി...... മഞ്ഞാവുന്നു... എന്റെ ഹൃദയകാഠിന്യത്തെ തണുപ്പിക്കുന്ന സ്വർഗ്ഗമഞ്ഞ്.

■


# Joseph Kallukaren Memorial Carol Song Competition

**"നക്ഷത്രരാഗ 2019"** ഡിസംബർ 29-ാം തിയ്യതി വൈകീട്ട് 5.30ന് സാൾട്ട് ലൈഫ് സ്കൂളിന്റെ നേതൃത്വത്തിൽ കുറ്റൂർ സിയോൻ സെന്ററിൽ വച്ച് Duet & Group Carol singing Competition നടത്തപ്പെടുന്നു. കരോൾ ഗാനം മത്സരവിജയികൾക്ക് ക്യാഷ് പ്രൈസും എവർറോളിംഗ് ട്രോഫിയും സമ്മാനമായി നൽകുന്നു.

നിങ്ങളുടെ പേരുകൾ താഴെ കാണുന്ന നമ്പറിൽ

ഡിസംബർ 22-ാം തിയ്യതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യുക.

**Fr. Bibin Parambi - 99497304825**

**SALTT - 9747431471**








# ദൈവം മനുഷ്യനാകുമ്പോൾ

ബ്രദർ സജിൻ ജോസഫ് വെർണ്ണൂർ

മണ്ണിൽ മെനഞ്ഞെടുത്ത്, തന്റെ ഛായയും, സാദൃശ്യവും പകർന്ന് തന്നോടൊപ്പം പാവനമായ ഔന്നത്യത്തിലേക്ക് ദൈവം മനുഷ്യനെ വിളിച്ചു. എങ്കിലും അവൻ ദൈവീകസാന്നിധ്യത്തിൽ നിന്നും ഓടി മറഞ്ഞു. തന്നിൽ നിന്നും അകന്നുമാറി മനുഷ്യകുലത്തോടൊപ്പം താഴ്ന്നിറങ്ങി അവരോടൊപ്പം വസിക്കാൻ തിരുമനസ്സായി ദൈവം ഇമ്മാനുവേലായതിന്റെ, ദൈവം നമ്മോടുകൂടെയായതിന്റെ ഓർമ്മയാചരണമാണ് ക്രിസ്തുമസ്. ഇവിടെ ക്രിസ്തുസന്തോഷത്തിന്റെ സദ്വാർത്തയായി തീരുന്നു. വിശുദ്ധ യോഹന്നാൻ ശ്ലീഹ തന്റെ ലേഖനത്തിൽ എഴുതുന്നു 'ദൈവം സ്നേഹമാണ്. തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനു ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു'(1 യോഹ3:9). ദാരിദ്ര്യവും, രോഗവും, ദുരിതങ്ങളും, തിന്മയും നിറഞ്ഞ മനുഷ്യന്റെ ജീവിതത്തിലേയ്ക്ക് ദൈവം ഇറങ്ങിവരുമ്പോൾ, പാവനമായ ലോകത്തിൽ നിന്നു തിന്മയുടെ ലോകത്തിലേക്കിറങ്ങി പോകുകയും അവിടെ നിന്ന് തന്റെ പിതാവിന്റെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കി തിരികെ ഓടി, തന്റെ പിതാവിനെ വാരിപ്പുണർന്ന്, തന്റെ ഇടറിയ വഴികളെ ഏറ്റു ചൊല്ലി മാപ്പിരന്ന ധൂർത്തപുത്രനെപ്പോലെ ആയിതീരാൻ ഓരോ ക്രിസ്തുമസും നമ്മോടാഹ്വാനം ചെയ്യുന്നു.

സമ്പന്നതയുടെ മാളികപ്പുറത്തു നിന്നും, ദാരിദ്ര്യത്തിന്റെ കുടിലിലേയ്ക്ക് ഇറങ്ങിവരാൻ ക്രിസ്തുവിന്റെ ജനനം സാക്ഷ്യം വഹിക്കുമ്പോൾ, ദേവാലയങ്ങളിലും, ഓരോ ക്രിസ്തീയ ഭവനങ്ങളിലും പുൽക്കൂടുകൾക്ക് ജീവനേകുമ്പോൾ തന്നെതന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് ഭൂജാതനായി തീരുമ്പോൾ ദൈവത്തിന്റെ താഴ്മയാണ് നമ്മുടെ മുന്നിൽ തുറന്നുവെയ്ക്കുന്നത്.

തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവം, ആദിമുതൽ ദൈവത്തോടുകൂടെയായിരുന്ന ദൈവമായ വചനം നമ്മുടെയിടയിൽ ഭൂജാതനായത് നസ്രത്തിലെ പുൽകുടിലിലാണ്. ഇന്നു നാം പുൽക്കൂടുകൾ ഒരുക്കുമ്പോൾ അതിന്റെ ചരിത്രപ്രാധാന്യത്തെകുറിച്ച് നാം ധ്യാനിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ എല്ലാ സൃഷ്ടികളെയും സഹോദരി സഹോദരന്മാരായി കണ്ടിരുന്ന, രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസീസിയിലെ വി. ഫ്രാൻസിസ് സമാധാന രാജാവായി പിറന്ന യേശുവിന്റെ ഓർമ്മയിലാണ് ആദ്യത്തെ പുൽക്കൂടു നിർമ്മിച്ചതെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. അസീസിയിലെ വിശുദ്ധ ഫ്രാൻസിന്റെ സ്നേഹിതനായിരുന്നു ജോവാനി എന്ന യുവാവ്. ലോകത്തിന്റെ വഴിവിട്ട് ആത്മീയ യാത്ര ആരംഭിച്ച അദ്ദേഹത്തെ വിശുദ്ധൻ സ്നേഹിച്ചിരുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ക്രിസ്തുമസ് ആഘോഷം എന്നത് തികച്ചും ഭൗതികമായ ഒന്നായിരുന്നു. ഇതിൽ നിന്നും വിഭിന്നമായി തികച്ചും ആത്മീയമായി ക്രിസ്തുവിന്റെ





ശൂന്യവത്കരണത്തെ യഥാതഥം അവതരിപ്പിച്ചു കൊണ്ട് അവിടുത്തെ കാണണമെന്നാഗ്രഹിച്ച ഫ്രാൻസിസ്. ക്രിസ്തുമസിന് രണ്ടാഴ്ച്ച മുമ്പ് ജോവാന്നിയെ സന്ദർശിച്ച് തന്റെ ആഗ്രഹം പങ്കുവെച്ചു. “ബെത്‌ലഹേമിൽ പിറന്ന ദിവ്യശിശുവിന്റെ ഓർമ്മ ആചരിക്കുന്നതിന് കഴുതയുടെയും കാളയുടെയും മധ്യേ പുൽകൂട്ടിൽ ശയിക്കുന്ന ഒരു ശിശുവിനെ ഒരുക്കണം. ഇതെന്റെ കണ്ണുകൾകൊണ്ട് കാണണം.” – നല്ലവനും വിശ്വസ്തനമായ ജോവാന്നി തന്റെ സുഹൃത്തായ ഫ്രാൻസീസിന്റെ ആഗ്രഹം സഫലീകരിക്കുവാൻ പറഞ്ഞപോലെ എല്ലാം ജോവാന്നി ഒരുക്കി.. എന്നാൽ ശിശു മാത്രം ഇല്ലായിരുന്നു. ക്രിസ്തുമസ് വന്നെത്തി. സഹോദരന്മാരും, അയൽവാസികളും ഫ്രാൻസീസിന്റെ ഒപ്പമുണ്ടായിരുന്നു. അവർ മെഴുകുതിരിയും മറ്റുംകൊണ്ട് രാത്രിയെ പ്രകാശപൂരിതമാക്കി. പുൽക്കൂട് ശൂന്യമായിരുന്നു. ഫ്രാൻസിസ് സുവിശേഷം വായിച്ചു സന്ദേശം നല്കിയതിനുശേഷം പുൽക്കൂടിനരികെ ചെന്ന് കൈകൾ വിരിച്ച് ഭക്തിയോടെ നിന്നു ദിവ്യശിശു അവിടെ ശയിക്കുന്നു എന്ന മട്ടിൽ. അദ്ദേഹത്തിന്റെ തീക്ഷ്ണമായ ഭക്തിയിൽ ഉണ്ണിയേശു ആ പുൽകൂട്ടിൽ നവജാത രാജാവ് എന്ന പോലെ പ്രഭയിൽ കുളിച്ച് അവതരിച്ചു എന്നും പറയപ്പെടുന്നു... ഓരോ വർഷങ്ങളിലും നാം പുൽക്കൂടുകൾ നിർമ്മിക്കുമ്പോൾ ഉണ്ണിയേശുവിന്റെ തളിരാർന്ന പൂമേനി വൈക്കോലിൽ നോവാതിരിക്കാൻ പൂവുകളായി നമ്മുടെ പുണ്യങ്ങളും കൂടെ കരുതാം. തളിർമേനിയെ കുത്തിനോവിക്കുന്ന കൊടുതണുപ്പിനെ അതിജീവിക്കാൻ നമുക്ക് പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഊഷ്മളത പകരാൻ കഴിയട്ടെ.

ഈ ക്രിസ്തുമസ് രാത്രിയിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന രക്ഷ നമ്മുടെ കണ്ണുകൾ കൊണ്ട് ദർശിക്കുമ്പോൾ ആത്മാവിൽ നിറയുന്ന നിർവൃതി നിത്യമായ ആനന്ദമായി മാറുന്നത് ദൈവീക വെളിപാടുകൾക്കനുസരിച്ച് നമ്മുടെ ജീവിതത്തെ തിരിച്ചുവിടുമ്പോഴാണ്. ദിവ്യ ഉണ്ണി മയങ്ങുന്ന പുൽക്കൂടിനു മുന്നിൽ മിഴികളടച്ച് നിൽക്കുമ്പോൾ തീർച്ചയായും നമ്മൾ നടക്കാത്ത വഴികൾ അവൻ വെളിപ്പെടുത്തിതരും. ഇന്ന് വഴിമാറി നടക്കണമെന്ന് പുൽക്കൂട്ടിലെ ഈശോ ആഗ്രഹിക്കുന്ന ഒത്തിരിയേറെ വക്രത നിറഞ്ഞ വഴികൾ നമ്മുടെ ജീവിതത്തിലുണ്ടായിരിക്കാം. ക്രിസ്തീയ ജീവിതത്തിന് നിരക്കാത്ത വഴികളിലൂടെയായിരിക്കാം ഒരു പക്ഷേ നമ്മുടെ യാത്ര. സുഖലോലുപതയുടെയും, ദ്രവ്യമോഹങ്ങളുടെയും, പകയുടെയും, സ്വാർത്ഥതയുടെയും വഴികളിലൂടെ നാം നടക്കുമ്പോൾ അന്ധകാരാവൃതമാകുന്ന ഇരുളിന്റെ ഈ വഴികളെ ഉപേക്ഷിക്കാൻ കഴിയുന്നതാവണം നമ്മുടെ ഏറ്റവും വലിയ നേട്ടം. പഴയ ശീലങ്ങളോട് ഇനി ഒരിക്കലും സമരസപ്പെടാത്ത നമ്മൾ തന്നെയായിരിക്കണം ഉണ്ണിക്കരുകിൽ നാം വയ്ക്കുന്ന ഏറ്റവും വലിയ സമ്മാനം...

വചനം മാംസമായിതീർന്ന ക്രിസ്തുവിനെ സ്വീകരിക്കാൻ പരിശുദ്ധ അമ്മയെപ്പോലെ നമുക്കൊരുങ്ങാം. ദൈവവചനം ശ്രവിക്കുകയും ഹൃദയം തുറന്ന് സ്വീകരിക്കുകയും, ആ വചനത്തിനായി സമ്പൂർണ്ണ സമർപ്പണം ചെയ്യുകയും ചെയ്യുന്നതായിരുന്നു പരിശുദ്ധ അമ്മയുടെ ജീവിതശൈലി. ദൈവം പരിശുദ്ധ അമ്മയിലൂടെ മനുഷ്യകുലവുമായി ബന്ധപ്പെട്ടുവെങ്കിൽ, പരിശുദ്ധ അമ്മയിലൂടെ നമുക്കും ദൈവത്തിങ്കലേയ്ക്ക് കൂടുതൽ അടുക്കാനാകും. കെന്റണിക്കച്ചൻ പറയുന്നതുപോലെ “പരിശുദ്ധ അമ്മയാണ് ക്രിസ്തുവിലേക്കുള്ള കുറുക്കുവഴി.” പരിശുദ്ധ അമ്മയുടെ മാതൃസ്നേഹത്തിലലിഞ്ഞ്, ദിവ്യപൈതലിനെ ഉൾകൊണ്ട്, അസ്വസ്ഥത നിറഞ്ഞ ഇന്നത്തെ ലോകത്തിന് ക്രിസ്തുവിനെ നൽകുവാൻ നമുക്കും ഒരു ഉപകരണമായിതീരാം. ദൈവം അനുഗ്രഹിക്കട്ടെ! ●





# ഇതളുകൾ



**ഫാ. റോബിൻ തെക്കേൽ**

പുതുവർഷത്തിന്റെ പാതിരാവിൽ പതിവായി ചെയ്യുന്നതും അസ്വസ്ഥതപ്പെടുത്തുന്നതുമായ ഒരു പ്രാർത്ഥന ഉണ്ട്. കഴിഞ്ഞ വർഷം നമ്മോടൊപ്പം പുതുവർഷം ആഘോഷിച്ച പലരും ഇന്ന് നമ്മോടൊപ്പമില്ല. അടുത്ത പുതുവർഷത്തിൽ ആരൊക്കെ ഉണ്ടാകും എന്നറിയില്ല. വിങ്ങലോടെ മനസ്സ് മന്ത്രിക്കുകയാണ്, നിനക്കെങ്ങനെ ദൈവത്തിന് നന്ദി പറയാനാകും, പറയാതിരിക്കാനാകും?

ഷാരോണിന്റെ വീടാണ് മനസ്സിൽ. നീല ടാർപ്പ വലിച്ചുകെട്ടിയ കൊച്ചുപന്തലിൽ പൂക്കൾ നിറച്ച കൊച്ചുപെട്ടിയിൽ ഒരു മനുഷ്യകുട്ടിയായല്ല, ഒരു മാലാഖ കുഞ്ഞായിട്ടാണ് അവൻ കിടക്കുന്നത്. മുഖത്തേയ്ക്ക് നോക്കാനാകാതെ നിലത്തേയ്ക്ക് നോക്കുമ്പോൾ തലേന്നും കഞ്ഞിയും കറിയും കളിച്ചിട്ട് ഉപേക്ഷിച്ച ചിരട്ടയാണ് തറയിൽ കിടക്കുന്നത്. കഞ്ഞീം കറീം കളിച്ചവരൊക്കെയും യാത്ര പറയാതെ എവിടെക്കാണോ ഈ പോകുന്നത്?

ജനുവരിയിലെ ജമന്തി പൂക്കൾ എന്നു വയലാർ പാടിയപ്പോൾ അത് പ്രാസം ഒപ്പിക്കാനാണെന്ന് തെറ്റിദ്ധരിച്ചു. ജനുവരിയിലെ കഴിഞ്ഞ കാല വിലയിരുത്തലുകൾ ജമന്തിപ്പൂക്കളല്ല ചെമ്പരത്തിപ്പൂക്കളായിത്തന്നെ അനുഭവപ്പെടുന്ന മരണഓർമ്മകൾ മറക്കാനാവാത്തതാണ്. ആടാനറിയാം, പാടാനറിയാം, സൗന്ദര്യവും മറ്റു കഴിവുകളുമുണ്ടായിട്ടും ക്യാൻസറിന്റെ കരങ്ങളിൽ ഞെരുക്കപ്പെട്ട് നിറയൗവനത്തിൽ ജീവൻ വെടിയേണ്ടിവന്ന പ്രിയപ്പെട്ട കൂട്ടുകാരി നിന്നെ ഓർക്കുമ്പോൾ ഹാ പുഷ്പമേ.. എന്നു പാടാൻ പോലും ദുഃഖം അനുവദിക്കുന്നില്ല. ഈശ്വരപദ്ധതികളോട് വഴക്കിടുകയല്ല ഉദ്ദേശ്യം മനസ്സിലാക്കാൻ ശ്രമിച്ച് അടിയറവ് വയ്ക്കുവാൻ മനസ്സു രൂപപ്പെടുത്തുവാൻ പ്രാർത്ഥിക്കുകയാണ്. പുതുവർഷത്തിന്റെ ശോഭയിൽ പഴയതിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് പുതിയതിൽ പ്രതീക്ഷ വെച്ച് ഇന്നിന്റെ നന്മയെ അനുഭവിക്കുവാൻ മനസ്സിനെ പഠിപ്പിക്കുക തന്നെ. ഋതുക്കൾക്കൊപ്പം ആരും പൂക്കാതിരിക്കരുത്. കായ്ക്കാതിരിക്കരുത്. ഇല പൊഴിക്കാതിരിക്കരുത്. തളിർക്കാതിരിക്കരുത്. ഒന്നും പ്രകൃതിക്ക് വിരുദ്ധമാകരുത്.



കാണുന്ന കാഴ്ചകൾക്ക് അഴകു കുറയുന്നതിനു കാരണം കണ്ണിന്റെ പ്രശ്നമായിരിക്കും എന്ന് തിരിച്ചറിയാത്തവരാണ് നമ്മൾ. പൊട്ടക്കിണറ്റിലെ തവളകൾ പോലെ പരിമിതമായ എന്റെ അറിവിന്റെ കോണിലേയ്ക്ക് അജ്ഞാതമവർണ്ണനീയമായ ലോകത്തെ ഒതുക്കുവാനുള്ള തത്രപ്പാട് മനുഷ്യൻ ഇപ്പോഴും നടത്തിക്കൊണ്ടേയിരിക്കുന്നു. അറിയുംതോറും അജ്ഞത വർധിക്കുന്ന പ്രഹേളികയെ തിരിച്ചറിയുന്നവർ ഈശ്വരചിന്തയിൽ വളരുകയും ശാന്തജീവിതം പ്രാപിക്കുകയും ചെയ്യുന്നു. അറിവിന്റെ ലോകത്തെ തിരിച്ചറിയാത്തവരോ, അജ്ഞതയുടെ പിന്നാലെ അലഞ്ഞ് അഹ



"അനുദിന വിശുദ്ധൻ, ആഴമായ സ്നേഹത്തെ പ്രതിയാണ്.
എല്ലാം വളരെ കൃത്യമായി ചെയ്യുവാൻ പരിശ്രമിക്കുന്നത്"

ങ്കാരികളായി ജീവിച്ചുമരിക്കുന്നു. ആണ്ടിന്റെ ആരംഭത്തിൽതന്നെ കണക്കിന്റെ ഇത്തരം കൂട്ടിക്കുറക്കലുകൾ അർത്ഥപൂർണ്ണജീവിതത്തിന് വഴിതെളിക്കാറുണ്ട്.

പുതുവർഷത്തിൽ ഞാൻ തുറക്കുന്ന ജനലുകളൊക്കെയും തെളിഞ്ഞ ആകാശം പ്രദാനം ചെയ്യട്ടെ. പച്ചപ്പിന്റെ പുതിയ ലോകം എന്റെ മനസ്സിനെ കുളിർപ്പിക്കും. ശിശുത്വത്തിന്റെ നൈർമ്മല്യത്തിലേയ്ക്കു മടങ്ങിയെത്തി, പുഴകളോട് സംസാരിക്കാൻ, പുഴുക്കളോട് വഴക്കടിക്കാൻ, കിളികളോട് കലപില കൂട്ടാൻ, വൃക്ഷതലപ്പുകളുടെ ആശീർവാദം ഏറ്റുവാങ്ങാൻ, മനസ്സേ റിലാക്സ് പ്ലീസ് എന്നു മനസ്സിനോട് മന്ത്രിക്കാൻ, മഴ പറയുന്ന രഹസ്യങ്ങൾക്ക് കാതോർക്കാൻ, കുളിർമ രോമകൂപങ്ങളിലേയ്ക്ക്, പകർന്നെടുക്കാൻ, സ്വാർത്ഥരഹിതപ്രണയങ്ങളുടെ ഈറൻതണുപ്പിൽ വിശുദ്ധിയിലേയ്ക്ക് പ്രവേശിക്കാൻ, ഒരു പ്രസാദത്തിന്റെ തെളിനീരിൽ സ്നാനപ്പെടാൻ, അസ്തമയസൂര്യന്റെ ശാന്തതയെ നെഞ്ചിലേറ്റെടുക്കാൻ, പുതുവർഷം എന്നെ പ്രാപ്തനാക്കട്ടെ.

'ആസ്വദിക്കൂ' എന്ന് പറയുന്നവരൊക്കെ ചാർവാകന്റെയോ എപ്പിക്യൂറിയന്റെയോ പിൻഗാമികളായി മുദ്രകുത്തപ്പെടരുത്. ത്യജിക്കുവിൻ എന്നു പറയുന്നവരൊക്കെയും ക്രിസ്തുവിന്റെയോ അസീസ്സിയുടെയോ ഗാന്ധിയുടെയോ മാർഗ്ഗം പിൻചെല്ലുന്നവരും ആകണമെന്നില്ല. പ്രകൃതിയുടെ അഴകിനെ കണ്ണുകൊണ്ടുപോലും ഒപ്പിയെടുക്കുന്നവൻ കള്ളനാണെന്ന് പറയാൻ മാത്രം വിശുദ്ധി എനിക്കില്ല. ആത്മീയതയുടെ ആഘോഷം ലാളിത്യത്തിന്റെ മേമ്പൊടിയോടെ ശുഭചിന്തകളുടെ പുതുവർഷം ജനിപ്പിക്കട്ടെ.

■


# ടിക് ടോക്ക്

**മോട്ടിവേഷണൽ ക്ലാസ്സ്**




സോഷ്യൽ മീഡിയ യുഗത്തിൽ സ്വതന്ത്രവും ഉറച്ചതുമായ നല്ല വ്യക്തികളെ രൂപീകരിക്കുക എന്ന ഷേൺസ്റ്റാട്ട് ദർശനത്തിന്റെ അടിസ്ഥാനത്തിൽ സാൾട്ട് ലൈഫ് സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്ന സെമിനാറാണ് ടിക് ടോക്.

**സ്കൂൾ, കോളേജ്, ഇടവകതലങ്ങളിൽ മീഡിയയെക്കുറിച്ചും ക്രിസ്തീയമൂല്യങ്ങളെക്കുറിച്ചുമുള്ള സെമിനാറുകളും അവധിക്കാല ക്യാമ്പുകളും നടത്തുവാൻ താൽപര്യമുണ്ടെങ്കിൽ ബന്ധപ്പെടുക: ഫാ. ബിബിൻ പറമ്പി ISch – 9497304825**

## പ്രവാചക ചരിത്രം



# ലാളിത്യത്തിന്റെ മനുഷ്യൻ

ഡോ. ജോയ് പുതുശ്ശേരി ISch

ആത്മീയതയിൽ സമ്പന്നനും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു കെന്റണിക്കച്ചൻ. ബാഹ്യമായ യാതൊന്നിനും അദ്ദേഹത്തിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ല. നാസികളുടെ മതപീഡനകാലത്ത് കെന്റണിക്കച്ചനും മറ്റ് പല വൈദികരും കൂടെ ജയിലിലായി. ക്യാമ്പിലേക്ക് പുതുതായി വന്ന ഡ്ബാഹ് എന്ന വൈദികൻ കെന്റണിക്കച്ചനോട് സുഖമാണോയെന്ന് ചോദിച്ചു. ‘‘എനിക്കിവിടെ സുഖമാണ്. ഒന്നിനും ഒരു കുറവില്ല” എന്നാ യിരുന്നു മറുപടി. (ക്യാമ്പിൽ വിശപ്പ് തീരെ ഭക്ഷണം കിട്ടുകയില്ല. എന്നു മാത്രമല്ല, രാവിലെ മുതൽ വൈകുന്നേരം വരെ കഠിനമായ ജോലികൾ ഏറെ ചെയ്യുകയും വേണം). അമേരിക്കയിലെ പ്രവാസകാലത്ത് മിൽവോക്കിയിൽ അദ്ദേഹം താമസിച്ചിരുന്നത് പള്ളാട്ടിക്കാരുടെ ഭവനത്തിലായിരുന്നു. കെന്റണിക്കച്ചന്റെ സെക്രട്ടറി അച്ചനോട് പറഞ്ഞു. റൂമിലെ പഴയതും ചെറിയതുമായ അലമാരക്ക് പകരം ബുക്കുകൾ നന്നായി അടുക്കിവയ്ക്കാൻ ഒരു വലിയ അലമാര വാങ്ങണമെന്ന്. അച്ചൻ അധികാരികളോട് പറഞ്ഞാൽ ശരിയാക്കി കിട്ടുമെന്നും അറിയിച്ചു. കെന്റണിക്കച്ചന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: ‘‘ഇവിടെ ഒന്നും മാറ്റണമെന്ന് എനിക്കാഗ്രഹമില്ല. എല്ലാം നല്ലതും മനോഹരവുമാണ്. ഞാൻ ഇതിൽ സംതൃപ്തനാണ്.’’ – മിൽവോക്കിയിൽ വേനൽക്കാലത്ത് ചൂട് അധികമാണ്. മിക്ക വീടുകളിലും എയർ കണ്ടീഷനിംഗ് ഉണ്ട്. അമേരിക്കൻ ജീവിത നിലവാരമനുസരിച്ച് എയർ കണ്ടീഷനിംഗ് വീടിന്റെ ഭാഗമാണ്. അച്ചൻ താമസിച്ചിരുന്ന മുറിയിൽ എയർകണ്ടീഷനിംഗ് സൗജന്യമായി ചെയ്തുകൊടുക്കാമെന്ന് ചിലർ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘ദൈവം നൽകിയ പ്രകൃതിയെ അതുപോലെ ഞാൻ സ്വീകരിക്കുന്നു, ചൂടിനെയും.”





“മനുഷ്യകരങ്ങളിലൂടെ ദൈവം എന്നെ അങ്ങയിലേയ്ക്ക് അടുപ്പിച്ചു”




# ബാബൂട്ടന്റെ 'ഗിഫ്റ്റ്'

ക്രിസ്തുമസ്സിനൊരുക്കമായി ഓരോ ദിവസത്തെ നിയോഗങ്ങൾ എഴുതി കുട്ടികൾക്ക് കൊടുക്കാൻ സാധിച്ചതിലുള്ള സന്തോഷത്തിലായിരുന്നു ക്രിസ്റ്റീന സിസ്റ്റർ. ഉണ്ണിക്കൊന്റെ സമ്മാനം എന്ന പേരിലായിരുന്നു സിസ്റ്റർ തയ്യാറാക്കിയ നിയോഗങ്ങളടങ്ങിയ ക്രിസ്തുമസ് കലണ്ടർ. ഒന്നാം ദിവസം ഉണ്ണീശോയ്ക്കൊരു തലയിണ, രണ്ടാം ദിവസം ഉണ്ണീശോയ്ക്കൊരു മോതിരം, പിന്നെ ഉടുപ്പ്, വള, ചെരുപ്പ്, കൊന്ത ഇങ്ങനെ 25 ദിവസത്തേക്കുള്ള സുകൃതങ്ങളടങ്ങിയ കലണ്ടറായിരുന്നു അത്. ഓരോ ദിവസം സിസ്റ്റർ കുട്ടികളോട് ചോദിക്കുമ്പോൾ എല്ലാവരും ആവേശത്തോടെ ചെയ്യുന്ന കാര്യങ്ങൾ പറയും. ബാബൂട്ടന് മാത്രം കാര്യങ്ങൾ അത്ര പിടികിട്ടിയില്ല. സിസ്റ്റർ കൊടുത്ത ലിസ്റ്റിന്റെ അന്തസത്ത മനസ്സിലാക്കാതെ ലിസ്റ്റിൽ പറഞ്ഞ കാര്യങ്ങൾ ശേഖരിക്കാനുള്ള തിടുക്കത്തിലായിരുന്നു അവൻ. ബാബൂട്ടന്റെ വീട്ടിലാണേൽ കടുത്ത ദാരിദ്ര്യവും. എങ്കിലും ഉണ്ണീശോയ്ക്ക് ഇതെല്ലാം കൊടുക്കണം എന്ന തീരുമാനത്തോടെ അവൻ മുന്നോട്ടുപോയി. ഉണ്ണീശോയ്ക്കുവേണ്ടി ലിസ്റ്റിലുള്ളതൊക്കെ വാങ്ങാൻ ഏതറ്റം വരെ പോകാനും അവൻ തീരുമാനിച്ചു. എന്തിനു പറയണം ക്രിസ്തുമസ്സിന്റെ തലേദിവസം ബാബൂട്ടനെ തേടി പോലീസെത്തി. മോഷണകുറ്റമാണ് അവന്റെ പേരിൽ ചുമത്തിയിരിക്കുന്നത്. ഒന്നു മിണ്ടാൻ പോലും കഴിയാതെ പകച്ചു നിൽക്കുകയാണ് ബാബൂട്ടന്റെ മാതാപിതാക്കൾ. ഓരോ കടയിലും സി സി ടി വിയുള്ള കാര്യം ബാബൂട്ടൻ ശ്രദ്ധിച്ചില്ല. ക്രിസ്റ്റീന സിസ്റ്റർ കൊടുത്ത ലിസ്റ്റിലെ എല്ലാ സാധനങ്ങളും ഇതിനകം ബാബൂട്ടൻ തരപ്പെടുത്തിയിരുന്നു. സത്യത്തിന്റെ വഴിയിലൂടെ നടന്ന മാതാപിതാക്കൾക്ക് ഇത് താങ്ങാവുന്നതിനപ്പുറമായിരുന്നു. ഞങ്ങളുടെ മകൻ ഇത് ചെയ്യില്ല എന്നവർ ആവർത്തിച്ചു പറഞ്ഞു. അവസാനം എന്തിനാണ് ബാബൂട്ടൻ മോഷ്ടിച്ചത് എന്ന് ചോദിച്ചപ്പോൾ ഉണ്ണീശോയ്ക്ക് കൊടുക്കാനാണെന്ന് അവൻ പറഞ്ഞു. നിഷ്കളങ്കനായ അവന്റെ മറുപടി കേട്ടതും കാര്യത്തിന്റെ ഗൗരവം കുറഞ്ഞു. ആരു പറഞ്ഞിട്ടാ മോനിത് ചെയ്തതെന്ന ചോദ്യത്തിന് ക്രിസ്റ്റീന സിസ്റ്റർ പറഞ്ഞിട്ടാണെന്നു പറഞ്ഞു. അറിവില്ലായ്മ പരിഗണിച്ച് ബാബൂട്ടനെ വെറുതെ വിട്ടു.



നമുക്കൊന്നു കാതോർക്കാം


'കഥയറിയാതെ ആട്ടം കാണരുത്.'

**JK** ■




# സന്മനസ്സുള്ളവരുടെ സമാധാനം

അയൽക്കാരായ അപ്പുവിന്റെയും അമ്മുവിന്റെയും കഥ ഇങ്ങനെയാണ്. നിധിപോലെ സൂക്ഷിക്കുന്ന കുറേ ഗോട്ടികളുണ്ട് അപ്പുവിന്. അമ്മുവിനും അതേപോലൊരു ശേഖരമുണ്ട് പല നിറത്തിലുള്ള വളപ്പൊട്ടുകൾ. അവൾ ഒരു ദിവസം വളപ്പൊട്ടുകളെല്ലാം അപ്പുവിന് കാണിച്ചുകൊടുത്തു. എന്തെല്ലാം നിറങ്ങളിൽ തിളങ്ങുന്ന വളപ്പൊട്ടുകൾ! അപ്പുവിന് വല്ലാത്ത കൊതി തോന്നി. " അമ്മൂ, നിന്റെ വളപ്പൊട്ടുകൾ എനിക്ക് തരാമോ? പകരം എന്റെ ഗോട്ടികൾ മുഴുവനും തരാം." ചങ്ങാതിയുടെ ആഗ്രഹത്തിന് അമ്മു എതിരൊന്നും പറഞ്ഞില്ല. മുഴുവൻ വളപ്പൊട്ടുകളും അപ്പുവിന് കൊടുത്തു. അവൻ അതുമായി സന്തോഷത്തോടെ വീട്ടിലേക്കോടി. അമ്മുവിന് കൊടുക്കാൻ ഗോട്ടികൾ എടുത്തപ്പോൾ അവനൊരു തോന്നൽ എല്ലാം കൊടുക്കേണ്ട, കുറച്ചു മാറ്റിവെയ്ക്കാം. അവളെന്തായാലും അറിയില്ലല്ലോ! ഏറ്റവും ഭംഗിയുള്ള കുറച്ച് ഗോട്ടികൾ മാറ്റിവെച്ചു. ബാക്കി മാത്രം അമ്മുവിന് കൊടുത്തു. പക്ഷെ അവന് ആ രാത്രി ഉറക്കം വന്നില്ല. അമ്മുവും ഇതുപോലെ ഒളിച്ചുവച്ചിരിക്കുമോ? അങ്ങനെയെങ്കിൽ എനിക്ക് അവൾ കുറച്ചേ തന്നിരിക്കുകയുള്ളൂ. നല്ലതൊക്കെ വീട്ടിൽതന്നെ വച്ചിരിക്കും. അവൻ ഓരോന്നോർത്തു സങ്കടപ്പെട്ടു. എന്നാൽ അയലത്തെ വീട്ടിൽ ഉറങ്ങുന്ന അമ്മുവിനെ ചിന്തകളൊന്നും അലട്ടിയില്ല. ചങ്ങാതി ഒരാഗ്രഹം പറഞ്ഞപ്പോൾ മടിയൊന്നും ഇല്ലാതെ വളപ്പൊട്ടുകൾ സമ്മാനിച്ച സന്തോഷത്തോടെ അവൾ പുഞ്ചിരിച്ചുറങ്ങി.



പ്രിയ കൂട്ടുകാരേ,

ദൈവം ലോകത്തിനു നല്കിയ സമ്മാനമാണ് ഉണ്ണീശോ. ഓരോ ജന്മവും ദൈവത്തിന്റെ വലിയ സമ്മാനം തന്നെയാണ്. ദൈവം നമുക്ക് നല്കിയ ജീവന്റെ വിലയേക്കാൾ വലുതായി മറ്റെന്തുണ്ട് ഈ ഭൂവിൽ? അങ്ങനെയെങ്കിൽ പ്രാണൻ തന്ന ദൈവത്തെ സ്നേഹിക്കുമ്പോൾ ഏറ്റവും വലിയ സമ്മാനം നമുക്കും അവിടുത്തേയ്ക്ക് കൊടുക്കുവാൻ ശ്രമിക്കാം. നമ്മുടെ കുഞ്ഞുകൂട്ടുകാരെ സഹായിക്കുകയും നമ്മുടെ അദ്ധ്യാപകരേയും മാതാപിതാക്കന്മാരെയും സ്നേഹിക്കുകയും അനുസരിക്കുകയും ബഹുമാനിക്കുകയുമെല്ലാം ചെയ്യുന്നതുവഴി നാം ഉണ്ണീശോയ്ക്കുള്ള സമ്മാനങ്ങൾ തന്നെയാണ് തയ്യാറാക്കുന്നത്. കൂട്ടുകാർക്കെല്ലാം തിരുപ്പിറവിയുടെ മംഗളാശംസകൾ നേർന്നുകൊണ്ട്.

– ദോസ്ത് –



"വീരോചിത പുണ്യങ്ങളുടെ ആകെത്തുകയാണ് സന്തോഷം"

# അമ്മ ഒരുക്കിയ പുൽക്കൂട്

ഹേമന്തക്കുളിരിൽ തൂമഞ്ഞണിഞ്ഞരാവിൽ
മിന്നും താരങ്ങൾക്കു നടുവിൽ ആനന്ദമായി
പൊന്നുണ്ണിയാം ഈശോ ജാതനായി ഭൂവിൽ
അമ്മ മേരിയെ നോക്കി പുഞ്ചിരി തൂകി.
എമ്മാനുവൽ എൻ ആനന്ദമാകാൻ
പുൽക്കൂടൊരുക്കി കാത്തിരിപ്പൂ ഞാൻ

കാലിത്തൊഴുത്തിന്റെ കദനങ്ങളിൽ എന്നും
സ്നേഹത്തിൻ പുൽത്തൊട്ടിലായൊരമ്മ
തണുപ്പേറും ജീവിത നൊമ്പരപാടുകൾ
ചൂടേറും ജീവന്റെ തുടിപ്പാക്കിയവൾ നീ
(എമ്മാനുവൽ .............. ഞാൻ)

ഉള്ളിന്റെ നീറ്റൽ അറിയിച്ചിടാതെ
ഉണ്ണിയെ നോക്കി പുഞ്ചിരിച്ചവൾ നീ
കണ്ണിന്റെ ദൈന്യതയും വിശപ്പിന്റെ വിളിയും
ദൈവകുമാരനായി സഹിച്ചവൾ നീ
(എമ്മാനുവൽ .............. ഞാൻ)

അന്നമായി ഒന്നും ഇല്ലാതിരുന്നിട്ടും
പൈതലാം ഈശോയെ പാലൂട്ടിയവൾ നീ
ഉരുകുന്ന നൊമ്പരങ്ങൾക്കു നടുവിലും
ഉരുകുന്ന മനസ്സുമായി നിന്നവൾ നീ
(എമ്മാനുവൽ .............. ഞാൻ)

ആകുലഭാരങ്ങൾ ഏറിയ ജീവിതം
ആനന്ദത്താൽ അലങ്കാരമാക്കിയവൾ നീ
മണ്ണിൽ ഒട്ടേറെ പുൽക്കൂട്ടിൽ
ഉണ്ണിയാം യേശു പിറന്നാലും
എൻ ഹൃദയത്തിൽ പിറക്കാൻ
കാത്തിരിപ്പൂ ഞാൻ



-ജോസഫ് കരിമറ്റം

## ഹൃദയമൊഴി



# അഞ്ചാമത്തെ സുവിശേഷം

ഡോ. ജോയ് പുതുശ്ശേരി ISch

കഴിഞ്ഞ വർഷം ലോകമിഷൻ ദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ പറഞ്ഞ ഒരു കാര്യമുണ്ട്. നാം ഓരോരുത്തരുടെയും ഈ ലോക ജീവിതം അവിചാരിതമല്ല, മറിച്ച് ഓരോ ജീവിതവും ഒരു ദൗത്യമാണ്. കൂടുതലു ള്ളതിൽ നിന്ന് കൊടുക്കുന്നതിൽ നമ്മൾ ആരും ദരിദ്രരല്ല. അതിനേക്കാൾ ഉപരിയായി വേണ്ടത് നമ്മൾ ആയിരിക്കുന്നതിൽ നിന്നും മനസ്സ് നിറഞ്ഞ് പങ്കുവെക്കലാണ്. നമ്മൾ ആയിരിക്കുന്നത്, നമ്മുടെ ജീവിതം, നമ്മുടെ പ്രവർത്തനങ്ങൾ അതാണ് നമ്മുടെ സ്വത്വം. നാം ഓരോരുത്തരും സാക്ഷ്യമാകണം. ജീവിതം കൊണ്ട് അത് യാഥാർത്ഥ്യ മാക്കുകയും വേണം എന്നതാണ് പാപ്പയുടെ ആഹ്വാനം.



ഒരിക്കൽ മരം മുറിക്കുവാൻ വന്ന മനുഷ്യനോട് മരം ഇപ്രകാരം ചോദിച്ചു. എന്തിനാണ് എന്നെ മുറിക്കുന്നത്? ഉത്തര മായി കുരിശുണ്ടാക്കാൻ എന്ന് മനുഷ്യൻ പറഞ്ഞു. കൂടാതെ കുരിശുണ്ടാക്കുന്നതിൽ തന്റെ വൈദഗ്ദ്ധ്യവും വിവരിച്ചു. മനുഷ്യന്റെ മറുപടിയ്ക്ക് മരം മനുഷ്യനെ ചിന്തിപ്പിച്ച ആ ചോദ്യം ചോദിച്ചു. ഓരോ വർഷവും നിങ്ങൾ മരം മുറിക്കുകയും പുതുമയും ആകർഷണീ യവുമായ കുരിശുമുണ്ടാക്കുന്നു. എന്നാൽ എന്താണ് നിങ്ങളിൽ ആരും ക്രിസ്തു വാകാത്തത്? മനുഷ്യന് മരത്തിനു മുൻപിൽ ഉത്തരം മുട്ടിപ്പോയി.

ഈയിടെ വായിച്ച ഒരു പുസ്തകത്തിൽ മനോഹരമായ വെളിപ്പെടുത്തലുണ്ട് മറ്റുള്ളവർ വായിക്കുന്ന' അഞ്ചാമത്തെ സുവിശേഷം നിങ്ങളാണ്." നമ്മൾ ഓരോരുത്തരുടെയും ജീവിതമാണ് നാം കൊടുക്കുന്ന സന്ദേശം. തിരുപ്പിറവിക്ക് വേണ്ടി നാം ഒരുങ്ങുമ്പോൾ നമ്മൾ ചിന്തിക്കേണ്ട കാര്യം നമ്മൾ ഓരോരു ത്തരും ക്രിസ്തുമസ് ആയി മാറുന്നുണ്ടോ എന്നാണ്. തിരുപ്പിറവിയുടെ ചൈതന്യം നമ്മുടെ വാക്കുകളിലും ജീവിതത്തിലും സ്വാംശീകരി ക്കാൻ കഴിയണം. നാം ഓരോരുത്തരും ക്രിസ്തുമസ് ആകണ മെങ്കിൽ നമ്മുടെ വിശ്വാസവും, ജീവിതവും; വാക്കും, പ്രവർത്തിയും തമ്മിലുള്ള അന്തരം കുറയണം.



സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജി വരുന്നുണ്ടെന്നറിഞ്ഞ് ജനം റെയിൽവേ സ്റ്റേഷനിൽ തടിച്ചു കൂടി പത്രപ്രവർത്തകരും വന്നിരുന്നു. തിരക്ക് കാരണം അവർക്ക് ഗാന്ധിജിയോട് ചോദ്യങ്ങൾ ചോദിക്കാനായില്ല. ഒടുവിൽ പോകാൻ തുടങ്ങിയപ്പോൾ പത്രപ്രവർത്തകരിൽ ഒരാൾ പ്ലാറ്റ്ഫോമിൽ നിന്ന് വിളിച്ചു ചോദിച്ചു. സർ, ജനങ്ങൾക്കായി ഒരു സന്ദേശം തരിക. ഗാന്ധിജി ചിരിച്ചുകൊണ്ട് വിളിച്ചുപറഞ്ഞു. "എന്റെ ജീവിതമാണ് എന്റെ സന്ദേശം", നമ്മുടെ വാക്കുകൾകൊണ്ട് സംസാരിക്കുന്നതിനേക്കാൾ നല്ലത്, ജീവിതം കൊണ്ട് സംസാരിക്കുന്നതാണെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു.

ലോകം മുഴുവൻ ആദരിക്കുന്ന ഒരു വ്യക്തിത്വമാണ് ഫ്രാൻസിസ് പാപ്പയുടെത്. കത്തോലിക്കസഭയുടെ ആത്മീയ ഗുരു എന്നതിനാലല്ല മറിച്ച് വാചകങ്ങൾ വാക്കുകളായും, വാക്കുകൾ പ്രവർത്തികളായും, പ്രവർത്തികൾ മാതൃക ജീവിതമായും ജീവിക്കുന്ന വ്യക്തിത്വമായതിനാലാണ്. തന്റെ ജീവിതംകൊണ്ടാണ് പാപ്പ മറ്റുള്ളവരെ നന്മയുടെ പാതയിലേക്ക് നയിക്കുന്നത്.

എല്ലാ നാമത്തിനും ഉപരിയായ നാമം, അത് ക്രിസ്തു നാമമാണ്. ക്രിസ്തു ജീവിതംകൊണ്ട് എഴുതിയ ചരിത്രം നാം ഓരോരുത്തരിലൂടെയും പൂർത്തിയാകുന്നു. അതിലെ ഓരോ ചരിത്രവീഥികളാകുവാൻ വിശുദ്ധരുടെ ജീവിതം നമുക്ക് മാതൃകയാകുന്നു. നാം ക്രിസ്തുമസിനായി ഒരുങ്ങുമ്പോൾ നമുക്ക് നമ്മുടെ ജീവിതം കൊണ്ട് ഒരു ക്രിസ്തുമസായിത്തീരാം. നമ്മൾ ക്രിസ്തുമസ് പ്രഘോഷിക്കണ്ടത് "അഞ്ചാമത്തെ സുവിശേഷമായ' നമ്മുടെ ജീവിതത്തിലൂടെയാകട്ടെ; അങ്ങനെ ക്രിസ്തു നമ്മിൽ ഓരോരുത്തരിലും വന്നു പിറക്കട്ടെ.

■

## പിൽഗ്രിം മദർ മൂവ്മെന്റിന്റെ വിവിധ പ്രവർത്തനങ്ങൾ





## ഷേൺസ്റ്റാട്ട് അക്കാദമികളിലെ കലാ-കായിക മേളകളിൽ നിന്ന്






## ഷേൺസ്റ്റാട്ട് മൈഗ്രന്റ് യൂത്ത് അംഗങ്ങളുടെ സ്നേഹ ഉടമ്പടി



## ഷേൺസ്റ്റാട്ട് മൗണ്ട് Way-side Shrine വെഞ്ചെരിപ്പ്



## SLA (Schoenstatt Language Academy), Kuttur



## സ്നേഹ ഉടമ്പടി നവീകരണം




"നല്ല കാര്യങ്ങൾക്കുവേണ്ടി തുറവിയുള്ളവരായിരിക്കുക എല്ലാ കാര്യങ്ങളിലും നന്മ കാണുവാൻ പരിശ്രമിക്കുക"



# വാർത്താജാലകം

### ❖ സുവർണ്ണജൂബിലി

ആളൂർ BLM പ്രസാദവരനാഥ കപ്പേളയുടെ സുവർണ്ണജൂബിലി ഒക്ടോബർ 26-ാം തിയ്യതി അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതഞ്ജതാബലിയർപ്പിച്ചുകൊണ്ട് ആഘോഷിച്ചു. പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടി നവീകരണവും അന്നേദിവസം നടത്തുകയുണ്ടായി. ഫാ. ബാബു കളത്തിങ്കൽ ഫാ. ജോൺസൺ പന്തപ്പിള്ളിൽ എന്നിവർ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.

### ❖ Sports & Arts Day

വിദ്യാർത്ഥികളുടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യം വെച്ചുകൊണ്ട് ഷേൺസ്റ്റാട്ട് ഫാദേഴ്സിന്റെ കലാലയങ്ങളായ ഷേൺസ്റ്റാട്ട് അക്കാദമി ആളൂർ, ഷേൺസ്റ്റാട്ട് അക്കാദമി കുറ്റൂർ എന്നിവിടങ്ങളിലും മേരിമാത ഷേൺസ്റ്റാട്ട് മൈനർ സെമിനാരിയിലും കലാകായികദിനങ്ങൾ സംഘടിപ്പിച്ചു.

### ❖ SLA:

ജർമ്മൻ ഭാഷ പഠനത്തിനായി ഷേൺസ്റ്റാട്ട് ഫാദേഴ്സ് ഒരുക്കിയിരിക്കുന്ന SLA (Schoenstatt Language Academy)യുടെ വിവിധ ബാച്ചുകളിൽ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :**
**ഫാ. ജോൺസൺ പന്തപ്പിള്ളിൽ**
**(9447824812)**

### ❖ യുവജനങ്ങളുടെ സ്നേഹ ഉടമ്പടി :

ഷേൺസ്റ്റാട്ട് മൈഗ്രന്റ് യൂത്ത് മിനിസ്ട്രിയിലെ യുവജനങ്ങൾ ബംഗളൂരുവിലെ കെന്റ്ണിക്ക് വിദ്യാനികേതനിലുള്ള ഷേൺസ്റ്റാട്ട് കപ്പേളയിൽ മാതാവുമായുള്ള സ്നേഹഉടമ്പടി സമർപ്പണം നടത്തി. പഠനത്തിനും ജോലിക്കുമായി ഇന്ത്യയിൽ നിന്നും അഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ബംഗളൂരുവിൽ താമസമാക്കിയ യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത് ഫാ. ജോബി പോത്തൻ, ഫാ. ബിനേഷ് മാങ്കൂട്ടത്തിൽ, ഫാ. ഷെറിൻ കന്നപ്പിള്ളി തുടങ്ങിയ ഷേൺസ്റ്റാട്ട് വൈദികരാണ്.

### ❖ കുറ്റൂർ ഷേൺസ്റ്റാട്ട് കപ്പേളയുടെ തിരുനാൾ:

അന്തർദേശീയ ഷേൺസ്റ്റാട്ട് ആത്മീയ പ്രസ്ഥാനത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്ന പരിശുദ്ധ അമ്മയുടെ കുറ്റൂരിലുള്ള കപ്പേള തിരുനാൾ ഒക്ടോബർ 18-ാം തിയ്യതി റവ. മോൺ. ജോസ് വല്ലൂരാന്റെ (തൃശ്ശൂർ അതിരൂപത) മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ ആഘോഷിച്ചു. തുടർന്ന് ജപമാല പ്രദക്ഷിണവും ദിവ്യകാരുണ്യ വാഴ്വും ഉണ്ടായിരുന്നു.

### ❖ ഷേൺസ്റ്റാട്ട് മൗണ്ട്:

ഷേൺസ്റ്റാട്ട് വൈദീകസമൂഹത്തിന്റെ മലബാർ മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് തലശ്ശേരി അതിരൂപതയിലെ കണിച്ചാറിനടുത്തുള്ള ചാണപ്പാറയിലെ ഷേൺസ്റ്റാട്ട് മൗണ്ട് Way-side shrine വെഞ്ചെരിച്ചു.

**"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"**




പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വഴി
മക്കൾക്ക് നല്ല ജീവിത പങ്കാളികളെ ലഭിച്ചതിനും
മറ്റ് നിരവധി അനുഗ്രഹങ്ങൾക്കും
ഷേൺസ്റ്റാട്ട് പിൽഗ്രിം മദർ മൂവ്മെന്റിലെ
കുടുംബാംഗങ്ങൾ പരിശുദ്ധ അമ്മയ്ക്കു നന്ദി അർപ്പിക്കുന്നു.



ഡാർവിൻ പോൾ
ലിവിയ



ഷിനോജ്
നിറ്റു




**Mary Matha Schoenstatt Bhavan**
Anathadam, Aloor
Thrissur-680 683
Rector: 9495640525

**Sion Centre**
**Schoenstatt Fathers**
Kuttur P.O . Thrissur
Kerala-860 013
Mob: 9745594117

**Schoenstatt Study House**
P.B. No. 618
Aluva-683 102
Mob: 8921020278